പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 24

എറണാകുളം 1970 ജൂലായ് 26 ഞായർ

വില 35 പൈസ

**✱ ഈ ലക്കത്തിൽ ✱**

✱ കുറിപ്പുകൾ

അനൈക്യത്തിൽ അവസാനിച്ചഐക്യം.

അഭയാർത്ഥി പ്രവാഹം

✱ ലേഖനങ്ങൾ

തെരഞ്ഞെടുപ്പ് തീയ്യതി

ഭൂനിയമം നടപ്പാക്കാനുള്ള ഭരണം.

✱ കാഴ്ചപ്പാടുകൾ

കമ്യൂണിസ്റ്റ് 3–ാം ചേരി

✱ എഴുതാപ്പുറം

✱ കത്തുകൾ

**24**

കുറിപ്പുകൾ

## അനൈക്യത്തിൽ അവസാനിച്ച ഐക്യം

സിൻഡിക്കേററിന്റെ വിശാല ജനാധിപത്യ ഐക്യ നിർദ്ദേശം അലസിപ്പോയിരിക്കുന്നു. മററു രാഷ്ട്രീയ കക്ഷികളുടെ സഹകരണക്കുറവല്ലാ വിശാല ജനാധിപത്യ ഐക്യത്തെ തകർത്തതു്. സിൻഡിക്കേററിലുള്ളവർ തന്നെ നേതാക്കന്മാരുടെ നീക്കത്തെ എതിർത്തതാണു് വിശാലജനാധിപത്യമുന്നണിയെ തൽക്കാലം കലവറക്കകത്തു് തന്നെ വെക്കാൻ ഇടയാക്കിയതു്.

അടുത്ത തെരഞ്ഞെടുപ്പോടു കൂടി രാജ്യവ്യാപകമായ ഒരു മുന്നണി കോൺഗ്രസ്സിനെതിരായി രൂപവൽക്കരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് സിൻഡിക്കേററിന്റെ കഴിഞ്ഞ എ. ഐ. സി. സി. സമ്മേളനം അവസാനിച്ചതു്. 'ജനാധിപത്യം അപകടത്തിൽ, ഇന്ത്യയെ രക്ഷിക്കുക' എന്നിങ്ങനെയായിരുന്നു അവരുടെ മുദ്രാവാക്യം.

ഭാരതീയജനസംഘത്തിന്റേയും സ്വതന്ത്രാപാർട്ടിയുടേയും നേതാക്കൾ ആദ്യമെ തന്നെ സിൻഡിക്കേററിന്റെ നിർദ്ദേശത്തെ സ്വീകരിച്ചു. പ്രാരംഭമെന്നനിലയിൽ പാർലിമെന്റിനകത്തു് ജനാധിപത്യകക്ഷികളുടെ ഐക്യനിരയുണ്ടാക്കാനായിരുന്നു പരിപാടി.

ഇതു സംബന്ധിച്ച നീക്കങ്ങൾ സിൻഡിക്കേററു നേതാവായ മൊറാർജി ദേശായി നടത്തിക്കൊണ്ടിരുന്നതിനിടയിലാണ് വിശാലജനാധിപത്യഐക്യം തകർന്നുപോയതു്. സിൻഡിക്കേററിന്റെ പാർലിമെൻററി ബോർഡ് തൽക്കാലം തങ്ങളുടെ ശ്രമം ഉപേക്ഷിച്ചിരിക്കുന്നു. സ്വതന്ത്രാപാർട്ടിയേയും ജനസംഘത്തേയുമാണ് ഈ ചുവടുമാററം അങ്കലാപ്പിലാക്കിയിട്ടുള്ളതു്.

വിശാലജനാധിപത്യമുന്നണിക്കുവേണ്ടിയുള്ള നീക്കത്തിനെതിരായി ഗുജറാത്തിൽനിന്നും മൈസൂരിൽനിന്നുമാണ് ഏററവും ശക്തമായ എതിർപ്പ് സിൻഡിക്കേററു നേതാക്കൾക്ക് നേരിടേണ്ടി വന്നതു്. കാമരാജ് നാടാരും നിജലിംഗപ്പയും സ്വതന്ത്രാപാർട്ടിനേതാവും രാജഗോപാലാചാരിയും തമ്മിൽ നടന്ന ചർച്ചകളുടെയടിസ്ഥാനത്തിൽമൈസൂരിൽ നിന്നുള്ള എതിർപ്പ് അവസാനിച്ചതായി കരുതിയിരുന്നു. പക്ഷേ, പ്രധാനമന്ത്രി മൈസൂരിൽനടത്തിയ പര്യടനത്തിനുശേഷം മൈസൂർ മുഖ്യമന്ത്രി വീരേന്ദ്രപാട്ടീലിന്റെ നിലപാടിനും മാററംവന്നതായികാണുന്നു.

മൈസൂർ ഗുജറാത്തു് നേതാക്കൾ സ്വന്തം സംസ്ഥാനങ്ങളിലെ കാര്യങ്ങൾ സ്വയം നോക്കികൊള്ളാമെന്നു് സിൻഡിക്കേററിന്റെ പാർലിമെൻററി ബോർഡിനെ അറിയിച്ചുകാണുന്നു. കോൺഗ്രസ്സിലെ പിളർപ്പിനുശേഷം സംസ്ഥാന നേതാക്കൾ കൂടുതൽ സ്വതന്ത്രമായ നിലപാടെടുക്കാനും കേന്ദ്രനേതൃത്വത്തിന്റെ ആജ്ഞകളെ അവഗണിക്കാനും ആരംഭിച്ചിട്ടുണ്ടു്

കോൺഗ്രസ്സിനെക്കാൾ കൂടുതൽ സിൻഡിക്കേററിലാണ് ഈ നിലയുണ്ടായിട്ടുള്ളതു. അതു് സ്വാഭാവികവുമാണ്. കാരണം സിൻഡിക്കേററിന്റെ പാർലിമെൻററി ബോർഡിലും കേന്ദ്രത്തിലുമുള്ള നേതാക്കൾ ഇന്നു ഭരണാധികാരത്തിലുള്ളവരല്ല. അവരെ അവഗണിച്ചതുകൊണ്ടു സംസ്ഥാന മുഖ്യമന്ത്രിമാർക്കു നഷ്ടപ്പെടാനൊന്നുമില്ല. ഒരു പക്ഷെ

ക്ഷെ, ഇന്ദിരാഗാന്ധിയുടെ പ്രീതിനേടാൻ കഴിയുകയും ചെയ്യും. കോൺഗ്രസ്സിലാണെങ്കിൽ കേന്ദ്രനേതാക്കളുടെ കയ്യിൽ ഇന്നും കേന്ദ്രാധികാരമുള്ളതുകൊണ്ട് സംസ്ഥാന മന്ത്രിമാർക്ക് കുറയൊക്കെ കേന്ദ്ര നേതൃത്വത്തിനു വഴങ്ങാതെ നിർവ്വാഹമില്ല. അധികാരനിലയിലെ ഈ മാററമാണ് നിജലിംഗപ്പക്കെതിരായി മൈസൂർ മുഖ്യമന്ത്രി വീരേന്ദ്രപട്ടീലിനേയും മൊറാർജിക്കെതിരായി ഗുജറാത്ത് മുഖ്യമന്ത്രി ഹിതേന്ദ്ര ദേശായിയേയും സ്വന്തം അഭിപ്രായത്തിലുറച്ചു നിൽക്കാൻ പ്രേരിപ്പിച്ചത്.

ജനസംഘവും സ്വതന്ത്രാപാർട്ടിയുമായി 'വിശാല ജനാധിപത്യമുന്നണി' രൂപവൽക്കരിക്കുന്നതിനുള്ള നീക്കത്തിനു മൊറാർജിദേശായി മുൻകയ്യെടുത്തുവെന്ന വാർത്ത വന്നപ്പോൾ തന്നെ ഗുജറാത്തിലെ കോൺഗ്രസ്സുകാർ അത്ഭുതവും ആശ്ചര്യവും പ്രകടിപ്പിച്ചിരുന്നു. മൊറാർജി ദേശായി തന്റെ നിലപാടിൽ ഉറച്ചു നിന്നു. ഗുജറാത്തിലെ നേതാക്കൾ ആദ്യമാദ്യം വിഷയത്തെറിച്ചു വ്യക്തമായ അഭിപ്രായപ്രകടനം നടത്താതിരിക്കുകയാണ് ചെയ്തത്. പക്ഷെ യുവവിഭാഗത്തിൽ നിന്നും 'വിശാല ജനാധിപത്യ'ത്തിനെതിരായ നീക്കമുണ്ടായപ്പോൾ സംസ്ഥാന നേതാക്കളും കേന്ദ്ര നേതൃത്വത്തെ ചോദ്യം ചെയ്തു തുടങ്ങി. ഗുജറാത്തിലെ പ്രധാന പ്രാധാന പ്രതിപക്ഷം സ്വതന്ത്രാ പാർട്ടിയാണെന്നതും വിശാല ജനാധിപത്യ മുന്നണിയെ എതിർക്കുന്നതിനു ഗുജറാത്തിലെ നേതാക്കളെ പ്രേരിപ്പിച്ചിട്ടുണ്ടാകണം.

കീഴ്ഘടകങ്ങൾക്ക് കീഴ്പ്പെട്ടു കൊണ്ട് സിൻഡിക്കേററിന്റെ പാർളിമെന്ററി ബോർഡ് നടത്തിയ തകിടം മറി ജനസംഘത്തേയും സ്വതന്ത്രാപാർട്ടിയേയും ചൊടിപ്പിക്കുമെന്നു തീർച്ച. സിൻഡിക്കേററ് നേതാക്കളിൽ തന്നെ പലർക്കും അമർഷമുള്ളതായി റിപ്പോർട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ ന്യൂനപക്ഷ ഗവർമെണ്ടിനെ തകിടം മറിക്കാൻ 'ജനാധിപത്യകക്ഷി'കൾ ഒന്നിച്ചാൽ സാധിക്കുമെന്നു കരുതുന്ന സിൻഡിക്കേററ് നേതാക്കളുണ്ട്. അശോക്മേത്തയും താരകേശ്വരി സിൻഹയും അക്കൂട്ടത്തിൽപ്പെടുന്നു. "ഇന്ത്യ മൈസൂരിനേക്കാളും ഗുജറാത്തിനേക്കാളും വലുതാ"ണെന്നു ആർ. ടി പാർത്ഥസാരഥി സിൻഡിക്കേററുകാരുടെ പാർളിമെന്ററി പാർട്ടി യോഗത്തിൽ വിമർശിച്ചുവെന്നാണ് റിപ്പോർട്ട്.

ആശയ പരിപാടികളുടെ കാര്യത്തിൽ മുമ്പ് സ്വീകരിച്ച ചില നിലപാടുകളും ഇന്ദിരാഗാന്ധിയിൽ നിന്നു സിൻഡിക്കേററുകാർ നേരിടേണ്ടി വരുന്ന ആക്രമണങ്ങളുമാണ് അവരെ കുഴക്കുന്നത്. തങ്ങളാണു യഥാർത്ഥ കോൺഗ്രസുകാർ എന്ന മിഥ്യാബോധത്തിൽ നിന്നു സിൻഡിക്കേററിന്റെ അണികൾ ഇനിയും പൂർണ്ണമായി വിമുക്തമായിട്ടില്ല. എന്നാൽ സിൻഡിക്കേററ് നേതാക്കൾ തങ്ങൾ പുതിയ പാർട്ടിയായി കഴിഞ്ഞിരിക്കുന്നുവെന്ന് കുറേശ്ശ മനസ്സിലാക്കിവരുന്നുണ്ട്. അതുംകൊണ്ടാണ് അവർ 'പ്രായോഗിക, ബുദ്ധിയുപയോഗിച്ചു സമാന ചിന്താഗതിയുള്ള കക്ഷികളുമായി ഒന്നിക്കാൻ ശ്രമിക്കുന്നത്. കേന്ദ്രഭരണാധികാരം കൈക്കലാക്കണമെങ്കിൽ ഇതു കൂടിയേതീരുവെന്നു അവർ മനസ്സിലാക്കുന്നു.

സംസ്ഥാനങ്ങളിൽ അധികാരം കൈവിട്ടുപോയിട്ടുള്ളിടത്തെല്ലാം അണികളും മററു ഏതു കക്ഷികളുമായി ഐക്യമുണ്ടാക്കുന്നതിനു എതിരല്ല. അനുഭവംഅവരെ ആ നിലയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിലെ അധികാരത്തിനു ഉലച്ചിൽ തട്ടിക്കുന്നതാണ് മററു കക്ഷികളുമായുള്ള ഐക്യശ്രമമെന്നു സിൻഡിക്കേററിന്റെ സംസ്ഥാനനേതാക്കൾ കരുതുകയും ചെയ്യുന്നു. അങ്ങിനെ അവർ അധികാരത്തിലുള്ള സംസ്ഥാനങ്ങളിൽ മററുകക്ഷികളുമായുള്ള ഐക്യശ്രമത്തെ സിൻഡിക്കേററിന്റെ അണികൾ എതിർക്കുന്നു.

അധികാരം കൈവശത്തിലില്ലാത്ത ജനസംഘത്തിനും സ്വതന്ത്രാ പാർട്ടിക്കും ഇതുപോലുള്ള ബുദ്ധിമുട്ടുകളൊന്നുമുണ്ടായിരുന്നില്ല. അവർ അതുകൊണ്ട് 'പൊതുശത്രു'വിനെതിരായി ഒന്നിക്കാൻ തയാറായി. സിൻഡിക്കേററിന്റെ കീഴ്ഘടകങ്ങൾ എന്തുതന്നെ പറഞ്ഞാലും ശരി ക്രമേണ ജനസംഘവും സ്വതന്ത്രാപാർട്ടിയും സിൻഡിക്കേററും പാർളിമെന്റിൽ ഒരു ബ്ലോക്കായി പ്രവർത്തിക്കേണ്ടുന്ന സാഹചര്യം വന്നുചേരും. അവരോടൊപ്പം മാർക്സിസ്ററ് കമ്യൂണിസ്ററ്പാർട്ടിയും സംയുക്ത സോഷ്യലിസ്ററ് പാർട്ടിയും കേന്ദ്രസർക്കാറിനെ എതിർക്കാൻ മുന്നോട്ടു വരുകയും ചെയ്യും. ഇപ്പോൾ മധുലിമായേ ഇന്ദിരസർക്കാരിനെതിരായി അവതരിപ്പിച്ചിട്ടുള്ള അവിശ്വാസ പ്രമേയത്തിന്റെ വോട്ടെടുപ്പ് തന്നെ അങ്ങിനെയൊരു സ്ഥിതിയിലേക്കു വിരൽ ചൂണ്ടാൻ വഴിയുണ്ട്.

ധാരാളം കക്ഷികളുള്ള നമ്മുടെ രാജ്യത്ത് ഈ സ്ഥിതി വിശേഷം ഉണ്ടാകാതെ നിർവ്വാഹമില്ല. നിസ്സാരമായ കാര്യങ്ങളിൽ മാത്രം അഭിപ്രായഭിന്നതയുള്ളവർ വ്യത്യസ്തകക്ഷികളായിത്തിരിഞ്ഞു ശത്രുതയോടെ പ്രവർത്തിക്കുകയാണിവിടെ. അഭിപ്രായ ഐക്യം ഏറെക്കുറെയുള്ളവർ തമ്മിലാണ് ഏററവും വലിയ ശത്രുത എന്നതാണ് ഇന്ത്യയിൽ ഇന്നു കാണുന്ന രാഷ്ട്രീയ ചേരിപ്പോരിനെ പരിഹാസ്യമാക്കുന്നത്.

ഇന്ത്യയിലെ ആറുകൂട്ടം സോഷ്യലിസ്റ്റ് പാർട്ടികൾ തമ്മിൽ ആശയപരമായ എന്തെങ്കിലും അഭിപ്രായ ഭിന്നതയുണ്ടായെന്നു കണ്ടുപിടിക്കണമെങ്കിൽ ദീർഘമായ ഗവേഷണം തന്നെ നടത്തേണ്ടിവരും. അതേപോലെ തന്നെയാണ് കമ്യൂണിസ്റ്റ് പാർട്ടികളുടെ നില. വലതു് പക്ഷ പാർട്ടികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. എന്നിട്ടും ഇവയൊക്കെ 'വ്യക്തിത്വത്തിന്റെ പേരിലും ആദർശത്തിന്റെ പേരിലും ഭിന്നിച്ചു നിൽക്കുന്നതു് ജനാധിപത്യത്തിലെ വിശ്വാസക്കുറവിനെയാണ് കാണിക്കുന്നതു്. കാരണം ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വം തന്നെ ചെറിയ അഭിപ്രായഭിന്നതകളെ ഒതുക്കിനിർത്തി, ഭൂരിപക്ഷാഭിപ്രായത്തെ മാനിച്ചുകൊണ്ട് വലിയ ലക്ഷ്യങ്ങൾക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കുകയാണ്.

ഇന്ത്യയിൽ ജനാധിപത്യം അപകടത്തിലാണെന്നും ഇന്ത്യയെ രക്ഷിക്കാൻ ഇന്ദിരാസർക്കാരിനെ മാററണമെന്നും കരുതുന്ന സിൻഡിക്കേററുകാർക്ക് ആ ലക്ഷ്യം നേടുന്നതിൽ, ജനസംഘത്തേയും സ്വതന്ത്രപാർട്ടിയേയും കൂട്ടുപിടിക്കുന്നതിൽ എതിർപ്പു പാടില്ലാത്തതാണ്. സിൻഡിക്കേററിന്റെ കേന്ദ്ര നേതൃത്വത്തെ ഇപ്പോൾ എതിർക്കുന്ന സംസ്ഥാന നേതാക്കൾ അവരുടെ അഖിലേന്ത്യാസമ്മേളനത്തിന്റെ ജനാധിപത്യം അപകടത്തിലാണെന്ന മുദ്രാവാക്യത്തിനു കൂട്ടുനിന്നവരാണ്. അവസാനം തങ്ങളുടെ സ്ഥാനത്തിനു അപകടം വരുമോ എന്നു ഭയമുണ്ടായപ്പോൾ ചുവടുമാററിച്ചവിട്ടുകയും ചെയ്തു.

ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും സ്വഭാവമാണിതു്. പ്രമേയങ്ങളും പ്രവൃത്തിയും തമ്മിലുള്ള ബന്ധം ആർക്കും പ്രശ്നമല്ല. പ്രമേയമെല്ലാം ചടങ്ങുകൾ മാത്രമാണ്. അഭിപ്രായങ്ങൾ

(ശേഷം 16-ാം പേജിൽ)

# കത്തുകൾ

## "തൊഴിലാളികളുടെ കൺമണികൾ"

പത്രവാർത്തകൾ ശരിയാണെങ്കിൽ 'സ് എ. കെ. ഗോപാലനു് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു—ഈയെമ്മസിനു് ഉടനെ ഏർപ്പാടുചെയ്യും........' തൊഴിലാളി വർഗത്തിന്റെ അഭിവന്ദ്യ നേതാക്കന്മാർക്കു്" —തൊഴിലാളികളെ തല്ലുന്ന പോലീസ്കാരൻ സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. ഇതെന്തു വിരോധാഭാസമാണ്. എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. 'ഈയെമ്മസും എ. കെ. ജിയും തൊഴിലാളികളുടെ കൺമണികൾ' എന്നു് തെരുവിൽക്കൂടി പട്ടക്കുററൻ ചെങ്കോടിയും പിടിച്ചു് ആവേശത്തോടുകൂടി മുന്നോട്ടുപോകുന്ന തൊഴിലാളികളുടെ ജാഥയിൽ നിന്നുയർന്നുവരുന്ന ഈരടികളാണിതു്. അനുഭവത്തിൽ ഇതു ശരിയാണോ? പോലീസ്കാരന്റെ കൺമണികൾ എന്നു പറയുന്നതല്ലേ കുറേക്കൂടി ശരി. ശരിയും തെററും എന്തുമാകട്ടെ നമ്പൂതിരിപ്പാടിനു കൊടുത്ത വ്യാഖ്യാനമാണ് കൂടുതൽ രസാവഹം. 'ഈ സംരക്ഷണം മുസ്ലീം ലീഗിൽ നിന്നു രക്ഷപ്പെടാനത്രെ........' പുരുഷനായി ജനിച്ചാൽ കുറെയൊക്കെ നാണം വേണ്ടേ-മുസ്ലീം ലീഗിൽ നിന്നു രക്ഷപ്പെടുവാൻ മുസ്ലീംലീഗ് നേതാവ് പോലീസുമന്ത്രിയായിരിക്കുമ്പോൾ ഇതാണോ മാർഗ്ഗം അതിനു പററിയ ഒരു മാർഗ്ഗമേയുള്ളൂ. ഇടത്തേക്കു് മുണ്ടുമുടുത്തു് വട്ടത്താടിയും ടർക്കിതൊപ്പിയും വച്ചു് ഖുറാനും പിടിച്ചു നടന്നാൽ പോരെ രണ്ടു പോലീസിനെക്കൊണ്ടും സംരക്ഷണം മതിയായില്ലെങ്കിൽ നാളെ നമ്പൂതിരിപ്പാടും പാർട്ടിയും ഇതിനും മടിക്കുകയില്ലെന്നു് എനിക്കറിയാം. അതല്ലങ്കിൽ പഴയ കൗപീനവും പൂനൂലുമണിഞ്ഞു് പൂജാമുറിയിലേക്കു് കയറിയിരിക്കുന്നതാണു കുറച്ചുകൂടി മാന്യത.

ടി. സി. വൈ. കാണാക്കാരി.
കാണക്കാരി പി. ഒ
ഏററുമാനൂർ.

## സമരപരാജയ കാരണം യൂത്തു് കോൺഗ്രസ് നേതാക്കൾ: —

രണ്ടു ലക്ഷത്തിലെധികം യൂത്തു് കോൺഗ്രസുകാരുള്ള കേരളത്തിൽ ജൂലായ് 13 നു- യിലെ തൊഴിലില്ലായ്മ വിരുദ്ധ സമരത്തിൽ കേവലം 1500 യൂത്ത് കോൺഗ്രസുകാരെ മാത്രമെ അണിനിരത്തുവാൻ കഴിഞ്ഞുള്ളൂ. എ. കെ ആന്റണി പ്രസിഡണ്ടായിരുന്ന കാലത്തു് യൂത്തുകോൺഗ്രസുകാർ തൊഴിലില്ലായ്മക്കെതിരെ 'അന്ധകടാഹം' മറിച്ചുകളയുമെന്നൊക്കെ 'കോഴി കോട്ടുവാ, യിടുന്നതുപോലെ കുറെ സമരപരിപാടികൾ നിരത്തിവെച്ചു, ആന്റണി ജനങ്ങളുടേയും, പത്രങ്ങളുടേയും അഭിനന്ദനങ്ങൾ നേടുകയുണ്ടായി. എന്നാൽ ബുദ്ധിമാനെന്നഭിമാനിക്കുന്ന ഈ നേതാവിനു് കേരളത്തിലെ പകുതിയെങ്കിലും യൂത്തു് കോൺഗ്രസുകാരെ അണിനിരത്തി രാജ്യവ്യാപകമായി ഒരു പ്രതിഷേധയോഗമെങ്കിലും സംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു ദിവസം സൂചന സത്യാഗ്രഹമെന്നു പറഞ്ഞുതുടങ്ങി ഇപ്പോൾ മൂന്നാം തവണയും സൂചന സത്യാഗ്രഹം നടത്തി തൃപ്തിയടയേണ്ടി വന്നു.

ഇന്നലെ രൂപീകരിച്ച സിൻഡിക്കേററ് യൂത്തു് കോൺഗ്രസിന്റെ 'റഷ്യാ സാമ്രാജ്യ വിരുദ്ധ' സമരത്തോളമെങ്കിലും ഈ സമരത്തെ വിജയിപ്പിക്കുവാൻ പാരമ്പര്യവും, അനേകശരം അണികളുമുള്ള സാക്ഷാൽ യൂത്തു് കോൺഗ്രസിനു കഴിഞ്ഞില്ല, ഇതു നേതാക്കളുടെ കഴിവില്ലായ്മയല്ലാതെ മറെറന്താണ്.

അച്യുതമേനോൻ ഗവർമ്മെണ്ടിനു് ശിങ്കിടി പാടി 'കപ്പ കമ്മററി' മെമ്പർ സ്ഥാനം പാരിതോഷികമായി കിട്ടിയതുകൊണ്ടാണോ പുത്തൻ പ്രസിഡണ്ടു് ഉമ്മൻ ചാണ്ടി ഈ സമരത്തെ വേണ്ടവിധം പ്രയോജനപ്പെടുത്താഞ്ഞതു്. (കപ്പ കമ്മററിയിലേയ്ക്കൂട്ടക്കാനുള്ള ചാണ്ടിയുടെ പാരമ്പര്യം കൃഷിയിലുള്ള അമിതമായ പാണ്ഡിത്യമോ, 'ഓണത്തിനൊരു പറ നെല്ലു്' പരിപാടി നടത്തി പട്ടിണിക്കാരായ കേരളീയരുടെ കുറേ നെല്ലു് നശിപ്പിച്ചതോ?) വീരശൂരപരാക്രമിയായ ഉമ്മൻ ചാണ്ടിയുടെ ധീരനേതൃത്വമാണ് കെ. എസ്. യുവിനെ വളർത്തിയതെന്നു് ശ്രീ. ചാണ്ടി അഭിമാനിക്കുന്നുണ്ടല്ലോ? ഇത്ര വലിയ ജേതാവിന്റെ കൈയ്യിൽ യൂത്തു് കോൺഗ്രസിന്റെ നേതൃത്വം കിട്ടിയിട്ടും 1500 ഓളം പേരെ മാത്രം കേരളത്തിലെ എല്ലാ കലക്ടറേററിന്റെ മുൻപിലും കൂടി അണിനിരത്താൻ കഴിഞ്ഞുള്ളൂ. ഈ സമരത്തിന്റെ ദയനീയ പരാജയത്തിനുത്തരവാദി ഉമ്മൻചാണ്ടിയാണ്, വേണ്ടവിധം പ്രചരണം നൽകുകയും, സംഘടിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ യൂത്തുകോൺഗ്രസുകാർ ഈ വിധം നാട്ടുകാരുടെ മുൻപിൽ അപഹാസ്യരാകുമായിരുന്നില്ല. യൂത്തുകോൺഗ്രസിന്റെ തോളിൽ കയറി ചെവി തിന്നുന്ന പ്രഗത്ഭനായ നേതാവേ, നിങ്ങളോടൊരു അഭ്യർത്ഥനയുണ്ടു്, യൂത്തുകോൺഗ്രസിനുവേണ്ടി ജീവൻ പോലുമർപ്പിക്കുവാൻ തയ്യാറുള്ള ധീരരായ അനേകം പ്രവർത്തകരുടെ ഒരഭ്യർത്ഥന നേതാവിന്റെ പ്രവർത്തന പാരമ്പര്യം യൂത്തുകോൺഗ്രസ് പ്രവർത്തകർക്കു് നന്നായറിയാം. ഇനിയെങ്കിലും നേതൃത്വസ്ഥാനമൊഴിയണം. കോൺഗ്രസിനെ പുരോഗമന സോഷ്യലിസ്ററ് പന്ഥാവിലൂടെ നയിക്കാൻ ശക്തിയുള്ള അനേകം യുവാക്കൾ ഇന്നാട്ടിലുണ്ടു്. അവർ രംഗത്തുവരട്ടെ! പുരോഗമന സോഷ്യലിസ്ററാശയത്തിനു വേണ്ടി ദാഹിക്കുന്ന അനേകം യുവതലമുറക്കാർക്കതു് ഒരു അനുഗ്രഹമായിരിക്കും.

തൊഴിലില്ലായ്മക്കു് ഉത്തരവാദിത്വം സ്റ്റേയ്ററു് ഗവർമ്മെണ്ടിന്റെ മാത്രം ചുമലിൽ കെട്ടി ഭാരമൊഴിയാൻ ശ്രമിക്കുന്ന നേതാക്കളോടൊന്നു ചോദിക്കട്ടെ. തൊഴിലില്ലായ്മ വിരുദ്ധ സമരത്തോടു് നേതാക്കൾക്കു് സ്വല്പമെങ്കിലും ആത്മാർത്ഥതയുണ്ടോ? ഇല്ലെന്നുതന്നെയാണ് തൊഴിലില്ലാത്ത ഇന്നാട്ടിലെ യുവാക്കളുടെ ഉത്തമവിശ്വാസം. തൊഴിലില്ലായ്മ പ്രശ്നത്തിനു കേന്ദ്രഗവർമ്മെണ്ടിനു യാതൊരു ഉത്തരവാദിത്വവുമില്ലെന്നാണോ നേതാക്കളുടെ പക്ഷം. സോഷ്യലിസത്തിന്റെ വക്താവായി സ്വയം അഭിമാനിക്കുന്ന ഇന്ദിരാഗാന്ധി വ്യവസായനയത്തിൽ കേരളത്തെ പാടെ അവഗണിച്ചിരിക്കുകയല്ലെ? പന്ത്രണ്ടു വയസ്സു പ്രായമായ കപ്പൽ നിർമ്മാണഫാക്ടറിയും, സ്റ്റീൽ പ്ലാന്റും ഇന്നും കേവലം കടലാസു പുലി മാത്രമല്ലെ? ടയർ ഫാക്ടറി, ഗ്ലാസ് ഫാക്ടറി, ഉരുക്കുഫാക്ടറി-പോകട്ടെ-ഭൂരിപക്ഷം റബ്ബറും കേരളത്തിൽ ഉല്പാദിപ്പിച്ചിട്ടും ഒരു റബ്ബർ ഫാക്ടറിയെങ്കിലും കേരളത്തിനനുവദിച്ചു തരുവാനുള്ള ആത്മാർത്ഥതയെങ്കിലും ശ്രീമതി ഗാന്ധിക്കുണ്ടായോ? ഈ വക നഗ്നസത്യങ്ങൾ മൂടിവെയ്ക്കാൻ നേതാക്കൾ കാട്ടുന്ന വെപ്രാളം അപലപനീയമാണ്. ആത്മാർത്ഥതയുണ്ടെങ്കിൽ നട്ടെല്ലുയർത്തി നിന്നു് അവകാശത്തിനു വേണ്ടി തളരാത്ത സമരം നയിക്കുകയാണ് വേണ്ടതു്. അല്ലാതെ ഇടക്കിടെ സമരപ്രഹസനം നടത്തി ജനങ്ങളെ വഞ്ചിതരാക്കാൻ നേതാക്കൾ ശ്രമിക്കുന്നതു് അബദ്ധമാണ്.

കെ. കെ. ഗോപാലകൃഷ്ണൻ
എടവിലങ്ങു്

കാഴ്ചപ്പാടുകൾ

# കമ്യൂണിസ്റ്റ് മൂന്നാം ചേരി

രാജൻ

അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഭിന്നിപ്പിനുശേഷം 'കമ്യൂണിസ്റ്റ് നിഷ്പക്ഷ രാഷ്ട്രങ്ങൾ' ഉണ്ടായിട്ടുണ്ട്. അതോടെ ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഒരു മൂന്നാം ചേരിയെപ്പററിയും സംസാരം ആരംഭിച്ചിരിക്കുന്നു. ഇന്ത്യയിൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ ജനാധിപത്യ കൊറിയ സന്ദർശിച്ച് മടങ്ങിയശേഷം മൂന്നാം കമ്യൂണിസ്റ്റ് ചേരിയെപ്പററിയുള്ള അഭ്യൂഹങ്ങൾക്ക് ശക്തി വർദ്ധിച്ചിട്ടുമുണ്ട്.

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽനിന്നു മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി ഒററപ്പെട്ടിരിക്കുന്നുവെന്ന് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ പലപ്പോഴും ആക്ഷേപമുന്നയിച്ചിരിക്കുന്നു. ഒരുതരം കുററബോധത്തോടെയാണ് മാർക്സിസ്റ്റ് നേതാക്കൾ ആക്ഷേപങ്ങളെ നേരിട്ടുകൊണ്ടിരുന്നത്. ഏതെങ്കിലും 'സോഷ്യലിസ്റ്റ്' രാജ്യത്തിന്റെ നിയന്ത്രണത്തിലുള്ള അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് അന്ധമായ കൂറുപ്രഖ്യാപിച്ചില്ലെങ്കിൽ കമ്യൂണിസ്റ്റുകാരല്ലാതായിപ്പോവുമോയെന്നു അവർ ആദ്യമാദ്യം ആശങ്കിച്ചിരുന്നതു പോലെ തോന്നും.

പക്ഷെ, സോഷ്യലിസ്റ്റ് വിപ്ലവം നടന്നിട്ടുള്ള പല കൊച്ചുരാജ്യങ്ങളും ചൈനയും റഷ്യയുമായുള്ള ഭിന്നിപ്പിൽ സ്വതന്ത്രമായ നിലപാടെടുത്തു തുടങ്ങിയിരുന്നു. മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് നേതാക്കളും ക്രമേണ സ്വതന്ത്രമായ സമീപനത്തിനു തയാറായിട്ടുണ്ട്.

ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് വടക്കൻ കൊറിയ സന്ദർശിച്ച് തിരിച്ചു വന്നശേഷം ചെയ്ത പ്രസംഗങ്ങളും ലേഖനങ്ങളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. ഇന്തോ–കൊറിയൻ സൌഹാർദ്ദ സംഘടനയുടെ ആഭിമുഖ്യത്തിൽ ജൂലായ് 19നു് എറണാകുളത്തുചേർന്ന പൊതുയോഗത്തിൽ 'ജനാധിപത്യ കൊറിയയിൽ നിന്നുള്ള അന്താവർഷ പാഠത്തെ'പ്പററി ഇ. എം. എസ്സ്. പ്രസംഗിച്ചിട്ടുണ്ട്. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വളരെ വാശിയേറിയ പല തർക്കങ്ങളും നടക്കുന്നുണ്ട്. ഈ തർക്കങ്ങളെ സംബന്ധിച്ച് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) അതിന്റെ നിലപാടെന്താണെന്നു വ്യക്തമാക്കിയിട്ടുണ്ട്. 'സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടേയോ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടേയോ അഭിപ്രായങ്ങളെ ഓരോന്നിനേയും സ്വതന്ത്രമായി പരിശോധിച്ച് അതിൽ ശരിയായിട്ടുള്ളത് അംഗീകരിക്കുകയും തെററായിട്ടുള്ളത് തള്ളിക്കളയുകയും ചെയ്യുന്ന നിലപാടാണ് ഞങ്ങൾ എടുക്കുന്നത്. ആ രണ്ട് പാർട്ടികളും പല കാര്യങ്ങളെക്കുറിച്ചും രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും ആ രണ്ട് രാജ്യങ്ങളും തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവത്തിന്റെ സമരഫലമായാണ്. സോഷ്യലിസം കെട്ടിപ്പടുക്കുന്ന രാജ്യങ്ങളാണ്. സാമ്രാജ്യാധിപത്യത്തിനെതിരായ ലോകജനതയുടെ നെടുംകോട്ടകളാണ്. എന്നുള്ള നിലക്ക് ആ സോഷ്യലിസ്റ്റ് രാജ്യങ്ങളോടു കൂറു പുലർത്തിക്കൊണ്ട് തന്നെ, അവയെപ്പററി ജനങ്ങളിൽ മതിപ്പുളവാക്കിക്കൊണ്ട് തന്നെ അവര നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയപരിപാടികളിൽ തെററുണ്ട് എന്നു ബോദ്ധ്യം വന്നാൽ, ആ തെററു തെററാണെന്നു അവരോട് പറയാനുള്ള ചങ്കുററം കാണിക്കുകയും ചെയ്യും.'

"അതുകൊണ്ട് ഞങ്ങളെ സോവിയററ് പാർട്ടിക്കും കണ്ടുകൂടാ. ചൈനീസ് പാർട്ടിക്കും കണ്ടുകൂടാ." (ദേശാഭിമാനി ജൂലായ് 23) മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി നേതാവ് ഇ. എം. എസ്സ് നമ്പൂതിരിപ്പാടിന്റെ പ്രഖ്യാപനം സർവ്വാത്മനാ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ ആ പ്രഖ്യാപനം പല ചോദ്യങ്ങളും ഉന്നയിക്കുന്നു.

ഒന്നാമതായി ഇ. എം. എസ്സിന്റെ പ്രഖ്യാപനം സ്വയം വിമർശന രൂപത്തിലുള്ളതാണോ? എന്ന ചോദ്യം ഉത്ഭവിക്കുന്നു. കാരണം 1964 ൽ മാത്രം രൂപംകൊണ്ട മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി അതേവരെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗമായിരുന്നു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി മുമ്പും ഇപ്പോഴും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനോട് അന്ധമായ കൂറു പുലർത്തുന്നുണ്ടെന്നു ഇ. എം. എസ്സ് സമ്മതിക്കുമോ? അങ്ങിനെ അദ്ദേഹം സമ്മതിക്കുന്നുണ്ടെന്നാണ് പ്രസംഗം വായിച്ചാൽ തോന്നുന്നത്. "അപ്പോൾ ചിലരൊക്കെ ചോദിച്ചു നിങ്ങൾ ഒററപ്പെട്ടിരിക്കയല്ലേയെന്നു" എന്നും ഇ. എം. എസ്സ് തന്റെ പ്രസംഗത്തിൽ ഒരിടത്ത് പറഞ്ഞിട്ടുണ്ട്. അങ്ങിനെ ചോദിക്കുന്നവരിൽ മുമ്പൻമാർ വലതു് കമ്യൂണിസ്റ്റുകാരല്ലാതെ മററാരുമല്ല. അപ്പോൾ ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ 1964 നു മുമ്പെങ്കിലും സ്വതന്ത്രമായ നിലപാടു സ്വീകരിച്ചിരുന്നില്ലെന്നു ഇപ്പോൾ ഇ. എം എസ്സ് സമ്മതിക്കുന്നുണ്ടെങ്കിൽ, അതു് നല്ല കാര്യമാണ്.

അതിനും പുറമേ തെററുതെററാണെന്നു അവരോടു പറയാൻ ചങ്കുററം കാണിക്കുമെന്നും ഇ. എം. എസ്. അഭിമാനത്തോടെ പറയുന്നുണ്ട്. ഇതിത്രവലിയ ചങ്കുററം ആവശ്യമുള്ള കാര്യമാണൊ? ചങ്കുററം കാണിക്കുമെന്നും, നിർഭയം പറയുമെന്നും എല്ലാം അദ്ദേഹം പറയുന്നുണ്ട്. സാധാരണ ഗതിയിൽ പണ്ട് എന്തോ അടിമത്തത്തിനും അപകർഷതക്കും വിധേയരായിരുന്നവരുടെ പ്രഖ്യാപനം പോലെയാണ് ഇത് വായിക്കുമ്പോൾ തോന്നുന്നത്. എന്നാൽ അഭിപ്രായങ്ങൾ തുറന്നു പറയുമെന്നു പ്രഖ്യാപിക്കുന്നതോടൊപ്പം തന്നെ അദ്ദേഹം ഒരു കാര്യം കൂടി പ്രസ്താവിച്ചിരിക്കുന്നു. 'സാമ്രാജ്യാധിപത്യത്തിനു,പൊതു ശത്രുവിനു എടുത്തുപയോഗിക്കത്തക്ക നിലയിൽ പറയില്ല'

അഭിപ്രായ വ്യത്യാസങ്ങൾ തുറന്നു പറഞ്ഞാൽ അത് സാമ്രാജ്യാധിപത്യം എടുത്തുപയോഗിക്കുമെന്നാണോ മാർക്സിസ്റ്റ് നേതാക്കൾ പറയുന്നത്. അതോ, പറയുന്ന സ്വരത്തിന്റേയും ഭാഷയുടേയും രീതിസൌഹാർദ്ദപരമായിരിക്കുമെന്നാണോ. രണ്ടാമതു് പറഞ്ഞവിധത്തിലാണെങ്കിൽ അത് അന്താരാഷ്ട്ര മര്യാദ മാത്രമാണ്. അതിൽ കൂടുതലെടുത്ത് പറയാനൊന്നുമില്ല. പക്ഷെ അഭിപ്രായ വ്യത്യാസങ്ങൾ 'സാമ്രാജ്യാധിപത്യം' എടുത്തുപയോഗിക്കത്തക്ക വിധം പറയുകയില്ല എന്നു ഇ. എം. എസ്. പറയുന്നതിന്റെയർത്ഥം അതൊരിക്കലും തുറന്നു പറയുകയില്ല എന്നാണെങ്കിൽ, അതിനോട് യോജിക്കാൻ നിർവ്വാഹമില്ല. മാത്രമല്ല അങ്ങനെ ചെയ്യുന്നത് പാർട്ടി അണികളോട് ചെയ്യുന്ന ദ്രോഹമാണ്. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ തർക്കങ്ങളിൽ തങ്ങളുടെ പാർട്ടിയുടേയും നേതാക്കളുടേയും നിലപാടെന്താണെന്നറിയാൻ പാർട്ടിഅണികൾക്കും നാട്ടുകാർക്കും അവസരം നൽകിയേ മതിയാവൂ.

മാർക്സിസ്റ്റ് പാർട്ടിയുടെ സ്വന്തമായ നിലപാടാണ് കൊറിയൻ കമ്യൂണിസ്റ്റ് പാർട്ടിയും അനുവർത്തിക്കു

(ശേഷം 13–ാം പേജിൽ)

# ഭൂനിയമം നടപ്പാക്കാനുള്ള ഭരണം

(കെ. വി. കെ. വാരിയർ)

ഭൂനിയമം നടപ്പാക്കാൻ കേരളത്തിൽ ആരാണ് അധികാരത്തിൽ വരേണ്ടതെന്നു ഇപ്പോൾ ഒരു തെരഞ്ഞെടുപ്പ് വഴി തീരുമാനിക്കണമെന്നാണ് ഭൂനിയമം നടപ്പിലാക്കിനെപ്പറ്റിയല്ലാതെ മറ്റൊന്നും അധികം പറയാത്ത റവന്യൂ മന്ത്രി ശ്രീ ജേക്കബ്ബ് ഇപ്പോൾ ആവശ്യപ്പെടുന്നത്. അധികാരത്തിൽ അദ്ദേഹം തന്നെ തുടർന്നുണ്ടാകണം എന്ന വിധിയെഴുത്തിനെയാണ് അദ്ദേഹം സ്വാഭാവികമായും പ്രതീക്ഷിക്കുന്നതും. തൽക്കാലത്തേക്കു ജില്ലാ തലസ്ഥാന തലങ്ങളിലെ പട്ടയ ദാന മേളകളും ആർഭാടങ്ങളും അദ്ദേഹം കൈവെടിയാനും തീരുമാനിച്ചിരിക്കുന്നു. ഇനി ഇതിന്റെ പേരിൽ അട്ടംത്താനും ആനയും അമ്പാരിയും എഴുന്നള്ളിക്കപ്പെടുകയില്ല. ദിവസം ദിവസം കണക്കുകൾ ഉൽഘോഷിക്കപ്പെടുകയില്ല. പത്രപ്രസ്താവനകൾ അടിച്ചിറക്കുകയില്ല. ഈ രാജ്യത്ത് ഇനി തെരഞ്ഞെടുപ്പാണ്. നിങ്ങൾ പ്രസംഗിക്കുക, റാലികൾ നടത്തുക, നാടകങ്ങൾ അഭിനയിക്കുക. മഴക്കാലത്ത് തന്നെ രംഗം ചൂടാകണം. എത്ര ദിവസം ജേക്കബ്ബ് മന്ത്രി ഭൂനിയമം നടപ്പാക്കൽ തുടർന്നു കഴിയാതെ ദുഃഖിച്ചിരിക്കണം. ഒരു പക്ഷെ കുറച്ചു മാസങ്ങൾ തന്നെ കഴിഞ്ഞേ ജനങ്ങളുടെ വിധിയെഴുത്തു ഉണ്ടാകാൻ പോകുന്നുള്ളൂ. സ: ജേക്കബ്ബ് ക്ഷമിക്കുക തന്നെ വേണ്ടിവരും. എത്രയെത്ര മന്ത്രിമാരേയും അവരുടെ പ്രസ്താവനകളേയും ചെയ്തികളേയും ഒക്കെ കണ്ടും കേട്ടും തഴമ്പിച്ച ഒരു നാടാണിതെന്നു അദ്ദേഹം ഓർക്കാതിരിക്കയില്ലല്ലോ?

## നിയമം നടപ്പാക്കാൻ സമ്മതം വേണോ?

നിയമം നടപ്പാക്കേണ്ടതു നിയമം മുഖേനയല്ലേ? നിയമം പാസ്സാക്കി അതു നടപ്പിൽ വരുത്താൻ ഭരണക്രമത്തെ ചുമതല ഏല്പിച്ചാൽ പിന്നെ നിയമം നടപ്പാക്കാൻ മറ്റൊരു അധികാരിവർഗ്ഗം വേണമോ? നിയമം പാസ്സാക്കുവാനല്ലേ ജനാധിപത്യവും നിയമസഭയുമൊക്കെ? നിയമം നടപ്പാക്കുന്നതിൽ ഒരു മന്ത്രിഭരണത്തിനു എന്തുണ്ടു കാര്യം? നിയമം നടപ്പാക്കുന്നതിൽ പിന്നേയും പിന്നേയും ഒരു മന്ത്രിസഭ ഇടപെടേണ്ടതായിട്ടുണ്ടോ? നിയമം നടപ്പാക്കാൻ ഒന്നിലധികം പ്രാവശ്യം കല്പനകൾ പുറപ്പെടുവിക്കണമോ? മന്ത്രിസഭയോട് ചോദിച്ചു മാത്രം അവരുടെ സമ്മതം നേടിമാത്രം നടപ്പാക്കാൻ പാടുള്ള വിധത്തിൽ അത്ര നിസ്സഹായമായി അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണോ കേരളത്തിലെ ഭൂപരിഷ്കാര നിയമം? മന്ത്രിസഭക്ക് മാറ്റം വരാം, നിയമത്തിനു തന്നെ ജനാധിപത്യപരമായ മാറ്റങ്ങളും ഭേദഗതികളും വരുത്താം, ഭൂപരിഷ്ക്കരണ നിയമത്തെ സംബന്ധിച്ചിടത്തോളം ഇനി പുതിയ എന്തെങ്കിലുമൊക്കെ ആവശ്യമുണ്ടോ? ജനങ്ങളുടെ വിധിപ്രകാരമാണ് ഇവിടെ പുതിയ ഭൂപരിഷ്ക്കരണ നിയമം നിയമസഭ സർവ്വസമ്മതമായി തന്നെ പാസ്സാക്കുകയുണ്ടായതു്. അതു ഒരു നിധി പോലെ തലയിൽ ഏറ്റിക്കൊണ്ടു നടക്കാനുള്ള ഭാഗ്യം ഇന്നത്തെ റവന്യൂ മന്ത്രിക്കുണ്ടായി. ഒരു പക്ഷെ ജനങ്ങളുടെ വിധിയേയും മന്ത്രിയുടെ നിധിയേയും മറച്ചു ചിലർ വധിച്ചുകളഞ്ഞു എന്നുവരും. ആ വധം നടക്കുന്നതു ഭരണഘടനയാകുന്ന ഭൂതക്കണ്ണാടിയിലൂടെ നോക്കി ഹൈക്കോടതിയാകുന്ന നിയമപാലകന്മാരായിരിക്കും. ഭൂനിയമത്തെ വധിച്ചുകൊണ്ടുള്ള വിധിയോ അംഗഭംഗം വരുത്തുന്ന വിധിയോ പരുക്കുകൾ മാത്രം ഏൽപ്പിക്കുന്ന വിധിയോ എന്തെങ്കിലുമൊക്കെ തലയ്ക്കു മീതെ തൂങ്ങി നിൽക്കുകയാണ്. (വിധി പാസ്സായി കഴിഞ്ഞെങ്കിൽ സന്തോഷം)

തീർച്ചയായും വിധി അനുകൂലമാണെങ്കിൽ, വിധി പ്രകാരം സമാധാനത്തോടെ ഭൂനിയമത്തിന്റെ നടത്തിപ്പു അങ്ങിനെ നിർബ്ബാധം തുടരട്ടെ. നിയമം നിയമമാണല്ലോ. ഇവിടെ കുടിയാന്മാർ ആരും ഇന്നു ജന്മി വർഗത്തിനു പാട്ടം കൊടുക്കുന്നില്ല. ഇവിടെ സാമാന്യ വിവരമുള്ള കുടികിടപ്പുകാരാരും തന്നെ തന്റെ പുരയിടത്തിൽ ഭൂവുടമ വാഴ്ച അനുവദിക്കുന്നില്ല. ഇവിടെ തരിശുഭൂമിയിലോ മിച്ചഭൂമിയിലോ എന്നു കണ്ണുവെച്ചുകൊണ്ടു തന്നെയാണ് ജനസാമാന്യം കഴിയുന്നതു്. ഇന്ത്യയിൽ കേരളത്തെപ്പോലെ മറ്റൊരു സംസ്ഥാനത്തിലും ഇത്ര വ്യാപകമായ തോതിൽ സർക്കാർ പുറമ്പോക്ക്–തരിശു–വനഭൂമി കയ്യേറ്റം നടക്കുകയുണ്ടായിട്ടില്ല. ഭൂമി പിടിത്ത (lan grah) പ്രസ്ഥാനം ഈ രാജ്യത്തു പുത്തരിയല്ലതന്നെ. ജന്മിത്തത്തിനെതിരായി ഈ കേരളത്തിൽ നടന്നിട്ടുള്ള പോലെ ഉഗ്രമായ പോരാട്ടം ഇന്ത്യയിൽ മറ്റൊരിടത്തും നടന്നിട്ടില്ല. ഇവിടെ ജന്മിത്തം അവസാനിപ്പിച്ചു എന്നു പാട്ടു പാടുന്നതു് കൊല്ലക്കുടിയിൽ സൂചി വിൽക്കുന്ന പോലെയാണ്.

"ഭൂനിയമം നടപ്പാക്കാൻ ആരുണ്ടിവിടെ കാണട്ടെ, ഞങ്ങളല്ലേ നടപ്പാക്കിയതു കണ്ടോ. വോട്ടുണ്ടെങ്കിൽ ഞങ്ങൾക്കു താ' എന്നു ഇന്നാട്ടിലെ ജനതയോടു ആവശ്യപ്പെടാൻ തീരുമാനിച്ചുകൊണ്ടു ഒരു ഭരണം താഴെ ഇറങ്ങിയിരിക്കുന്നു. ഇറങ്ങുന്നേരം കൂടെയുള്ളവർ വീണ്ടും കയറാൻ ഒപ്പം കാണുമോ എന്നൊന്നു സംശയിച്ചു പോകരുതു്. ഒരു പക്ഷെ ഭൂനിയമം കാരണം തന്നെ അവർ വേറെ പാളയത്തിൽ ചെന്നു പറ്റിക്കാണും.

ശ്രീ ജേക്കബ്ബിന്റെയും അദ്ദേഹത്തിന്റെ മുന്നണിയുടേയും ഭരണം ഈ രാജ്യത്തു ഭൂനിയമം നടപ്പാക്കുന്നതിൽ വിജയിച്ചു കൊണ്ടല്ല ഇന്നു പിൻമാറാൻ ഇടവന്നിട്ടുള്ളതു്. ഉഭയസമ്മതത്തോടെ കുടികിടപ്പുകാർ തീറുകൊടുക്കുന്നതും, സർക്കാർഭൂമി കൈവശക്കാർക്കും നറുക്കുകാർക്കും വീതിച്ചു പട്ടയംകൊടുക്കയും, വെററിനറി ഡാക്ടർമാരേയും പാനെയ്ത്തുവിദഗ്ദ്ധന്മാരേയും ഭൂനിയമന്യായാധിപന്മാരാക്കി വാഴിക്കലും എല്ലാറ്റിനും മകുടം ചാർത്തുന്ന പട്ടയദാനമേളകൾ സംഘടിപ്പിക്കലും ഭൂനിയമപരിപാലനത്തിന്റെ വിജയപതാക നാട്ടിക്കൊണ്ടാണ് എന്നു അഭിമാനിച്ചതാണ് അത്ഭുതകരവും ഖേദകരവുമായിട്ടുള്ളതു്

## കണക്കുകളല്ല കാര്യം

ഭൂനിയമത്തിലെ 72-ാം വകുപ്പ് നടപ്പാക്കി [illegible] മാസം കാണേണ്ടുന്ന നിയമം ഉണ്ടാക്കിയിട്ടില്ലാത്ത സമ്പാദ്യം മലബാറിൽ 10,000 പേർക്കും കുടിയായ്മ ഭൂവുടമ പട്ടയം നൽകി എന്നതാണത്രെ. ഈ കണക്കു പ്രകാരമുള്ള പട്ടയദാനങ്ങൾ നിയമപ്രകാരം നടന്നിട്ടുതന്നെയാണോ എന്നു സംശയിക്കാവുന്നതാണ്. ഇതൊരു മിനുക്കുപണിയാകാനും സാദ്ധ്യതയുണ്ട്. ആറുമാസം നിയമം കൊണ്ടുനടന്നിട്ടും നിയമപ്രകാരമുള്ള ചട്ടങ്ങൾ ആവശ്യമായവ പ്രസിദ്ധീകരിക്കുവാൻ സാധിക്കാത്ത ഒരു സ്ഥിതി ഈ രാജ്യത്തുണ്ടായി. ഈ ചട്ടങ്ങൾ നിയമസഭയുടെ പരിശോധനയ്ക്കു് സമർപ്പിക്കാനും ആവശ്യമായ ഭേദഗതികൾ ക്ഷണിക്കാനും ഇവിടെ സാധിച്ചിട്ടില്ല ഈ ചട്ടങ്ങൾ എല്ലാം കൂടി ഒരു പുസ്തകമാക്കി അടിച്ചുകാട്ടാൻ പോലും നാളിതേവരെ കഴിഞ്ഞിട്ടില്ല.

ഈ രാജ്യത്തു ഇരുപത്തിയഞ്ചു ലക്ഷം കുടിയാന്മാരെ ഭൂവുടമകളാക്കേണ്ടതുണ്ട്. ഇവിടെ 1200 കോടി ഉറുപ്പികയോളം ജന്മിമാർക്കു പ്രതിഫലമായി വിതരണം ചെയ്യേണ്ടിവരും. ഏതെങ്കിലും ഒരു ജ

## എഴുതാപ്പുറം (കഴിഞ്ഞലക്കം തുടർച്ച)

എസ്സ്. സി. സാഹക്ക് വായനക്കാരൻ എഴുതിയ മറുപടി വായിച്ചിട്ടും റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സിന്റെ അഭിപ്രായങ്ങളെപ്പററി പ്രാരംഭം മുതൽക്കേ ചൈനീസ് കമ്മ്യൂണിസ്ററ് പാർട്ടിക്കും മാവോസേതുങ്ങിനും അത്ര വലിയ എതിർപ്പുണ്ടായിരുന്നതായിത്തോന്നുന്നില്ല. സാഹയുടെ ഉദ്ധരിണികളിൽ നിന്നു തന്നെ അത് വ്യക്തമാകും. 20 ാം കോൺഗ്രസിനെപ്പററി മാവോസേതുങ്ങ് ചൈനീസ് പാർട്ടി കോൺഗ്രസിൽ ഇങ്ങനെ പറഞ്ഞുവെന്നാണ് സാഹ ഉദ്ധരിക്കുന്നത്. "ഭാവിയിൽ അവരുടെ പ്രവർത്തനത്തിനു എതിരററ തോതിൽ പബലിച്ച വികസമുണ്ടാകുമെന്നു ഉറപ്പിച്ചു റയാൻ സാധിക്കും.' 1959 ൽ മാവോസേതുങ്ങ് ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ പിന്നെ സെൻട്രൽ കമ്മിററിയുടെ റിപ്പോർൽ മറെറന്തെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും അതിനു പ്രാധാന്യമുണ്ടാകുന്നില്ല. കാരണം ഈ വാചകത്തിൽ നിന്നു മനസ്സിലാക്കേണ്ടതു് 1959 ൽ മാവോസേതുങ്ങിനു 20 ാം കോൺഗ്രസിന്റെ നിഗമനങ്ങളെക്കുറിച്ചു് നിസ്സാരമായ അഭിപ്രായവ്യത്യാസങ്ങളേയുണ്ടായിരുന്നുള്ളുവെന്നു തന്നെയാണ്. 'സോവിയററ്' റഷ്യയിൽ കമ്മ്യൂണിസം കെട്ടിപ്പടുക്കാനുള്ള സമരത്തിന് സോവിയററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ 20-ാം കോൺഗ്രസ് രൂപം കൊടുത്തുവെന്നു മാവോസേതുങ്ങ് പ്രസംഗിച്ചതായും സാഹ ഉദ്ധരിച്ചിട്ടുണ്ട്. കമ്മ്യൂണിസം കെട്ടിപ്പടുക്കുമെന്നു ഉറപ്പുവരുത്തുന്നതായിരുന്നു 20 ാം കോൺഗ്രസെങ്കിൽ അതൊരിക്കലും "റിവിഷനിസ്ററ്" നയങ്ങൾ ആവിഷ്ക്കരിച്ചുവെന്നു കുററപ്പെടുത്താവുന്നതല്ല. സ്ററാലിനെ അധിക്ഷേപിച്ചുകൊണ്ട് ക്രൂഷ്ചേവ് 20 ാം കോൺഗ്രസിൽ ചെയ്ത പ്രസംഗം കേട്ട് ലോകത്തിലെ കമ്മ്യൂണിസ്ററുകാർക്ക് വളരെക്കുറച്ചു മാത്രം ചലനമേയുണ്ടായുള്ളുവെന്നത് വാസ്തവത്തിൽ അത്ഭുതകരമാണ്. ഇന്ത്യയിൽ ഇ. എം. എസിനെപ്പോലുള്ള കമ്മ്യൂണിസ്ററുകാർ ഒട്ടും വിഷമിക്കാതെ ക്രൂഷ്ചേവിന്റെ പ്രസംഗത്തെ നീതീകരിച്ചുകൊണ്ട് ലേഖനം തന്നെ എഴുതിക്കളഞ്ഞു.

ക്രൂഷ്ചേവ് ചെയ്തതും 20-ാം കോൺഗ്രസിന്റെയഭിപ്രായങ്ങളും ആയി ചൈനീസ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് കാര്യമായ വിയോജിപ്പുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും മാവോസേതുങ്ങിനു സാഹ ഉദ്ധരിക്കുന്ന തരത്തിലുള്ള പ്രസംഗം ചെയ്യാൻ സാധിക്കുമായിരുന്നില്ല. സ്ററാലിനെപ്പററി ക്രൂഷ്ചേവ് ചെയ്ത പ്രസംഗം വായിച്ച് ആത്മാർത്ഥതയോടെ അന്താരാഷ്ട്ര കമ്മ്യൂണിസത്തിൽ വിശ്വസിച്ചിരുന്ന ചില പാശ്ചാത്യ കമ്മ്യൂണിസ്ററുകാർക്ക് ഭ്രാന്ത് പിടിച്ചുവെന്നു പോലും റിപ്പോർട്ടുണ്ടായിരുന്നു.

ചുരുക്കത്തിൽ സോവിയററ് റഷ്യയും ചൈനയുമായി അഭിപ്രായ ഭിന്നതയുണ്ടായിത്തുടങ്ങിയിട്ടുണ്ടെന്നത് എന്തുകൊണ്ടാണെന്നും എപ്പോൾ മുതൽക്കാണെന്നും ഇനിയും വസ്തുനിഷ്ഠമായി പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്. വാഴ്സായിൽവെച്ച് അമേരിക്കൻ അംബാസ്സഡറും ചൈനീസ് അംബാസ്സഡറും തമ്മിൽ കൂടെക്കൂടെയുണ്ടാകുന്ന കൂടിക്കാഴ്ചകൾ പശ്ചിമജർമ്മനിയും ജാപ്പാനുമായി ചൈനക്കുള്ള വ്യാപാരബന്ധം, പാക്കിസ്ഥാന് ആയുധം നൽകാൻ, കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്ററ് രാജ്യങ്ങളെന്നു പറയപ്പെടുന്നവയിൽ അമേരിക്കൻ പ്രസിഡന്റ് നിക്സനെ സ്വീകരിച്ചു കവിളിൽ മുത്തം ചാർത്തുന്ന റുമേനിയയുമായി ചൈനയുടെ അടുത്ത ബന്ധം എന്നിവയിൽ നിന്നുണ്ടാകുന്ന പല സംശയങ്ങളുമുണ്ട്. ആദർശപരമായ അഭിപ്രായ ഭിന്നതകൾക്കാൾ ചൈനയുടെ താൽപ്പര്യങ്ങളാണ് മാവോസേതുങ്ങിനെയും ചൈനീസ് കമ്മ്യൂണിസ്ററ് പാർട്ടിയേയും സ്വാധീനിക്കുന്നത് എന്ന നിഗമനത്തിലെത്തിയിരിക്കുന്നു.

* * *

## ഭൂനിയമം നടപ്പാക്കാനുള്ള ഭരണം (തുടർച്ച)

മിക്ക 72-ാം വകുപ്പു അനുസരിച്ചു ഒരു പൈ പ്രതിഫലം കിട്ടാൻ സാധിച്ച അനുഭവങ്ങൾ ഇന്നോളമില്ലാ. പ്രതിഫലം കൊടുത്തു കൊണ്ടാണ് ജന്മിത്വം അവസാനിപ്പിക്കുന്നതെന്നാണ് നിയമം. അപ്പോൾ പ്രതിഫലം നൽകാനും അതിനുള്ള വീതം കുടിയാന്മാരിൽ നിന്നും ഈടാക്കാനുമുള്ള നടപടികൾക്കാണ് മുൻഗണന നൽകേണ്ടതായിട്ടുള്ളതു്. ഇതിനൊക്കെ തിരുവനന്തപുരത്തു ഒരു ഭരണമുണ്ടായാൽ പോരാ, ഭരണം പഞ്ചായത്തു തലത്തിലേക്ക് ഇറങ്ങിവരേണ്ടതായ്‌വരും. ഭരണസംവിധാനം പഞ്ചായത്തിൽ നിന്നും തുടങ്ങേണ്ടതായി വരും. ഈ നിയമം നടപ്പാക്കാൻ ഒരു ജനാധിപത്യ വിപ്ലവമാണ്. ഈ ജനാധിപത്യ വിപ്ലവത്തിന്റെ കാതലിയ ഭാഗം നാട്ടിൻ പുറത്തെ വിപ്ലവ നേതൃത്വമാണ്. ഈ വിപ്ലവ നേതൃത്വം നാട്ടിൻ പുറങ്ങളിൽ ഊട്ടിയുണ്ടാക്കുക എന്നതാണ് നിയമപാലനത്തിന്റെ ആദ്യത്തെ പടി.

## എന്തിനീ ഭൂനിയമം?

ഭൂമിയിൽ ജന്മിത്താവകാശത്തെ ഉന്മൂലനം ചെയ്യുന്നതു കൃഷിയെ വ്യവസായവൽക്കരിക്കാനാണ്. കൃഷിക്കാരന്റെ സമ്പത്തുൽപാദനശേഷി വർദ്ധിപ്പിക്കാനാണ്. വ്യവസായത്തിൽ മൂലധനം കൂടുതൽ ഇറക്കുന്നതിനു ഗ്രാമീണ സമ്പൽ വ്യവസ്ഥയെ ക്രമപ്പെടുത്താനാണ്. ഇത്രയും ജനാധിപത്യ വിപ്ലവമാണെങ്കിൽ സമ്പത്തുൽപാദന വസ്തുവായ ഭൂമിയിൽ സ്വകാര്യസ്വത്തവകാശം അവസാനിപ്പിക്കുന്നതും ഭൂമി പൊതു സ്വത്താക്കുന്നതും ഭൂമിയിൽ വ്യക്തികളുടെ നിക്ഷിപ്തതാല്പര്യങ്ങൾ ഇല്ലാതാക്കുന്നതും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഉപാധികളാണ്. നമുക്കു സോഷ്യലിസ്ററ് വിപ്ലവത്തിന്റെ സിദ്ധാന്തങ്ങൾ അവഗണിക്കാതിരിക്കാനെങ്കിലും കഴിയേണ്ടതല്ലേ? നിയമപ്രകാരം പുതിയ ഭൂവുടമകളായിത്തീരുന്നവരുടെ സാമൂഹ്യമായ ഉത്തരവാദിത്വം എന്തെന്നു നാം ഉൽബോധിപ്പിച്ചു കഴിഞ്ഞിട്ടുണ്ടോ? നമുക്കൊരു വീക്ഷണം ഉണ്ടായിട്ടുണ്ടോ? വലിയ വാചകങ്ങൾ ചാതുരിയോടെ പറയാമെന്നു മാത്രം. കാര്യങ്ങളുടെ പോക്കു സുഗമമാണെന്നു ഒരാളും തെററിദ്ധരിക്കരുതു്. ആരുടേയും സമ്മതത്തോടുകൂടി ഇവിടെ ഭൂനിയമം നടപ്പാക്കാൻ പോകുന്നില്ല. ഉഭയസമ്മതമൊക്കെ ഒരു മിഥ്യയായ് കലാശിക്കും. ഇന്ത്യക്കു ഒരു ചുക്കും മാതൃകയുണ്ടാക്കാൻ ഇന്നു കേരളത്തിന്റെ മാർഗത്തിൽ സാദ്ധ്യമല്ലാ. ഇവിടെ രാഷ്ട്രീയ കുഴപ്പം മൂർച്ഛിച്ചിരിക്കുകയാണ്. ഇവിടെ അനിശ്ചിതവസ്ഥ നടമാടുന്നു. കര കയറുന്നതു വിപ്ലവത്തിലൂടെ മാത്രമാണ്.

കേവലം 60 ലക്ഷം ഏക്കർ ഭൂമി മാത്രം കൃഷ്യുപയുക്തവും വാസയോഗ്യവുമായിട്ടുള്ള ഈ കൊച്ചുകേരളത്തിൽ, രണ്ടരക്കോടിയിൽപരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ സംസ്ഥാനത്തിൽ ഇന്നും കാർഷികോൽപ്പാദനം ദേശീയമായ ഏററവും വലിയ സമ്പത്തായി കണക്കാക്കി വരുന്ന ഈ നാട്ടിൽ, പുതിയ പുതിയ പ്രശ്നങ്ങൾ ഒന്നിന്റെ പിറകേ മറെറാന്നായി പ്രശ്നങ്ങൾ പലവിധമായി പൊന്തിവരുന്ന ഈ കാലഘട്ടത്തിൽ ഭൂനിയമം നടപ്പാക്കാൻ വോട്ടു ചോദിക്കുന്നത് കേവലം ബാലിശമാണ്. വീണേടത്തു കിടന്നു ഉരുളലാണ്. നാട്ടിൻ പുറത്തെ കർഷക തൊഴിലാളികളും സാധുക്കളായ കൃഷിക്കാരും തൊഴിൽ ലഭിക്കാത്ത അഭ്യസ്തവിദ്യരും ഭൂനിയമത്തെ സർവ്വപ്രധാനമായെടുത്തു തിരഞ്ഞെടുപ്പ് രംഗത്ത് അണിനിരക്കാൻ ഇപ്പോൾ കൂട്ടാക്കാതിരിക്കുന്നുവെങ്കിൽ, വിപ്ലവത്തെ ഭയപ്പെടാത്ത ശ്രീ: ജേക്കബ്ബിനെപ്പോലുള്ളവർ അവർക്കു മാപ്പു നൽകണം.

# എഴുതാപ്പുറം

മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി നേതാക്കളായ എ. കെ ഗോപാലനും ഇ. എം. എസ്സ് നമ്പൂതിരിപ്പാടിനും ഗവർമ്മെണ്ട് പോലീസ് സംരക്ഷണം നൽകിയിരിക്കുന്നു. പോലീസ് സംരക്ഷണം നൽകണമെന്നു ഇവർ അപേക്ഷിച്ചതനുസരിച്ചാണ് പോലീസ് സംരക്ഷണം നൽകിയിട്ടുള്ളതെന്ന ധാരണയുണ്ടാക്കത്തക്കവിധം ഇതു സംബന്ധിച്ച് ഗവർമ്മെണ്ട് ഒരു പത്രക്കുറിപ്പ് പുറപ്പെടുവിച്ചിരുന്നു. സത്യം പറയുമെന്നും സത്യമല്ലാതെ മറ്റൊന്നും പറയുകയില്ലെന്നും മുഴുവൻ സത്യവും പറഞ്ഞുകൊള്ളാമെന്നും സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിന്റെയർത്ഥം മനസ്സിലാക്കാൻ ഗവർമ്മെണ്ടിന്റെ പത്രക്കുറിപ്പ് ഉപകരിക്കുന്നുണ്ട്. മുഴുവൻ സത്യവും പറയാതിരുന്ന ഗവർമ്മെണ്ട് തികച്ചും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്.

പോലീസ് സംരക്ഷണം സ്വീകരിക്കാനിടയായ സാഹചര്യം ഇ. എം. എസ്സ് വിശദീകരിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച ഐ. ജി യുമായി നടന്ന കത്തിടപാടുകൾ അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. നക്സലൈറ്റ് സിദ്ധാന്തത്തോടു കൂറു പുലർത്തുന്ന ചിലർ ഇ. എം. എസ്സിനേയും എ. കെ. ജി യേയും അപായപ്പെടുത്താനിടയുണ്ടെന്നു പോലീസിനു രഹസ്യവിവരം ലഭിച്ചിട്ടുള്ളതായി ഐ. ജി എഴുതി അറിയിച്ചിരുന്നു. അംഗരക്ഷകരെ നൽകാൻ പോലീസ് സന്നദ്ധമാണെന്നും. ഐ. ജി യുടെ കത്തിനെക്കുറിച്ച് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ ചർച്ച ചെയ്തശേഷം ഇ. എം. എസ്സ് അതിനു മറുപടി അയച്ചു.

'ഞങ്ങളെ നേരിടുന്ന ആപത്തിന്റെ ഉറവിടത്തെപ്പറ്റിയുള്ള നിങ്ങളുടെ വിലയിരുത്തലിനോട് ഞങ്ങൾ യോജിക്കുന്നില്ല. നക്സലൈറ്റ് എന്നു വിളിക്കപ്പെടുന്ന വിഭാഗത്തിൽ നിന്നു മാത്രമല്ല, പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടേതുൾപ്പെടെ മറ്റു ചില രാഷ്ട്രീയ പാർട്ടികളിൽ നിന്നു കൂടി ആപത്തുണ്ട് എന്നാണ് ഞങ്ങളുടെ പ്രാദേശിക ഘടകങ്ങളിൽനിന്നും, ചില സംഭവങ്ങളെ സംബന്ധിച്ച പ്രായോഗികാനുഭവങ്ങളിൽ നിന്നും ഞങ്ങൾക്കു കിട്ടിയ വിവരം. ഭരണകക്ഷികൾ തന്നെ ഞങ്ങൾക്കെതിരായി അക്രമങ്ങൾ സംഘടിപ്പിക്കുകയും എന്നിട്ടതിന്റെ ഉത്തരവാദിത്വം നക്സലൈറ്റ് എന്നു വിളിക്കപ്പെടുന്നവരുടെ തലയിൽ ചുമത്തുകയും ചെയ്യുന്നതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. ഞങ്ങളുടെ പാർട്ടിയിലെ അംഗങ്ങളെത്തന്നെ പോലീസ് അധികാരികൾ നക്സലൈറ്റുകൾ എന്നു പ്രഖ്യാപിച്ച് അവരുടെ പേരിൽ കേസുകൾ എടുക്കുന്നുണ്ടെന്നു കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. അതിനാൽ നിങ്ങളുടെ അടിസ്ഥാനപരമായ വിലയിരുത്തലിനോട് ഞാൻ യോജിക്കുന്നില്ല. ഇതാണ് ഞങ്ങളുടെ നിലപാടെന്നിരിക്കെ, ശ്രീ ഗോപാലനേയും എന്നേയും പോലുള്ള നേതാക്കളെ മാത്രമല്ലാ ഞങ്ങളുടെ അംഗങ്ങളേയും രക്ഷിക്കുന്നതിനു ആത്മരക്ഷക്കുള്ള ഏർപ്പാടുകൾ ഉണ്ടാക്കാനുള്ള ഞങ്ങളുടെ അവകാശം ഉപേക്ഷിക്കാൻ ഞങ്ങൾക്കു കഴിയില്ല. എങ്കിലും ഞങ്ങളെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾ മനസ്സിലാക്കുന്നതു കൊണ്ട്, അതിനു ഞങ്ങളുടെ സഹകരണം ആരാഞ്ഞിട്ടുള്ളതുകൊണ്ടും ഞങ്ങളുടെ അടിസ്ഥാനപരമായ നിലപാടിനനുസൃതമായ വിധമായിരിക്കണം, സഹകരണത്തിന്റെ വിശദാംശങ്ങളെന്നയടിസ്ഥാനത്തിൽ, നിങ്ങളുമായി സഹകരിക്കാൻ ഞങ്ങൾ തയാറാണ്.'

ഇ. എം. എസ്. പോലീസ് ഐ. ജി.ക്കയച്ച കത്ത് ഇതാണ്. ഐ. ജി. ആദ്യം അയച്ച കത്തിനെപ്പറ്റിയും ഇ. എം. എസ്. മുമ്പ് പറഞ്ഞതരത്തിൽ എഴുതിയ മറുപടിയെപ്പറ്റിയും യാതൊന്നും സൂചിപ്പിക്കാതെ ഇ. എം. എസ്സും, എ. കെ. ജി. യും പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുവെന്നും അതു നൽകിയെന്നും പത്രക്കുറിപ്പ് എഴുതിയതു തികച്ചും വഞ്ചനയാണ്. ഗവൺമെണ്ടിന്റെ പ്രചാരണോപാധിയെ പാർട്ടി താൽപ്പര്യങ്ങൾക്കു വേണ്ടി ദുർവിനിയോഗിക്കുന്നതിന്റെ ഒന്നാംതരം ഉദാഹരണമാണ്.

പക്ഷെ, ഐ. ജി. യുടെ നിർദ്ദേശത്തോട് സഹകരിക്കാൻ മാർക്സിസ്റ്റ് പോളിറ്റ് ബ്യൂറോ തീരുമാനിച്ചതു് തെറ്റുതന്നെയാണ്. ഇ. എം. എസ്. അയച്ച കത്തിൽ പറയുന്ന കാര്യങ്ങളൊന്നും തന്നെ തൃപ്തികരമായ ഒരു വിശദീകരണമല്ല. നക്സലൈറ്റ് വിഭാഗത്തിൽ നിന്നു ഭീഷണി നേരിടുന്നുണ്ടെന്നു പോലീസ് പറയുന്നതിനോട് മാർക്സിസ്റ്റു നേതാക്കൾക്ക് വിയോജിപ്പില്ല. അവരിൽ നിന്നു മാത്രമല്ലാ ഭരണകക്ഷിക്കാരിൽ നിന്നും ഭീഷണി നേരിടുന്നുണ്ടെന്നാണ് മാർക്സിസ്റ്റ് നേതാക്കൾ പറയുന്നത്. പാർട്ടിയുടെ പ്രാദേശിക ഘടകങ്ങളിൽ നിന്നു കിട്ടിയ വിവരങ്ങളും ചില അനുഭവങ്ങളും വെച്ചുനോക്കിയാൽ ഭരണകക്ഷിക്കാരിൽ നിന്ന് മാർക്സിസ്റ്റ് നേതാക്കൾക്ക് അപായം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു തോന്നുന്നുവെന്നാണ് വാസ്തവത്തിൽ ഇ. എം. എസ്. പോലീസ് ഐ. ജി. യെ എഴുതി അറിയിക്കുന്നത്. അങ്ങിനെയാണെങ്കിൽ ഒരു ചോദ്യം. ഐ. ജി. യുടെ കത്ത് കിട്ടുന്നതിനു മുമ്പ് ഇതു സംബന്ധിച്ച് മാർക്സിസ്റ്റ് നേതാക്കൾ പോലീസധികൃതരോട് പരാതിപ്പെട്ടിട്ടുണ്ടോ? മുമ്പ് പരാതിപ്പെട്ടിട്ടില്ലെങ്കിൽ, പിന്നെ എന്തിനാണ് ഐ. ജി. ക്കു മറുപടി അയക്കാൻ നേരത്ത് ഇതിനെപ്പറ്റി പരാതി പറയുന്നത്?

ഭരണകക്ഷിക്കാരുടെ ഭീഷണിയിൽ നിന്നു മാർക്സിസ്റ്റ് നേതാക്കളെ രക്ഷിക്കാൻ പോലീസിനു കഴിയുമെന്നു മാർക്സിസ്റ്റ് നേതാക്കൾ വിശ്വസിക്കുന്നുണ്ടോ? ഈ വക ചോദ്യങ്ങൾക്കൊന്നും ഇടകൊടുക്കാതെ, ഐ. ജി യുടെ നിർദ്ദേശം നിരാകരിക്കുകയും തങ്ങൾക്കു പ്രത്യേകമായി പോലീസ് സംരക്ഷണത്തിന്റെ ആവശ്യമില്ലെന്ന് എഴുതി അറിക്കുകയുമാണ് മാർക്സിസ്റ്റ് നേതാക്കൾ ചെയ്യേണ്ടിയിരുന്നതു്. ഇപ്പോഴത്തെ സാഹചര്യത്തിൽ നോക്കുമ്പോൾ മാർക്സിസ്റ്റ് നേതാക്കളുടെ ഭീരുത്വം പുറത്ത് ചാടുന്നതായി തോന്നുന്നുണ്ട്. ഇ. എം എസ്സ് എന്തു വിശദീകരണം നൽകിയതുകൊണ്ടും ഫലമില്ല. മുഴുവൻ സത്യവും പറയാതെ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന വിധം ഗവർമ്മേണ്ടിനു പത്രക്കുറിപ്പ് പുറപ്പെടുവിക്കാൻ ഇടകൊടുത്തതിന്റെ ഉത്തരവാദിത്വം മാർക്സിസ്റ്റ് നേതാക്കൾക്കു തന്നെയാണ്.

ഐ. ജി യുടെ നിർദ്ദേശം സ്വീകരിക്കുന്നതിനിടയാക്കിയ കാരണങ്ങൾ ഇ. എം. എസ് വിശദീകരിച്ചിട്ടുള്ളതു് ഇങ്ങനെയാണ്. 'ഞങ്ങളുടെ സുരക്ഷിതത്വത്തിനു പാർട്ടി സഖാക്കളേയും നാട്ടുകാരേയുമാണു് ഞങ്ങൾ ആശ്രയിക്കുന്നതു്. നക്സലൈറ്റുകൾക്ക് ഞങ്ങളോട് വിരോധമുണ്ടാകാം. പക്ഷെ അതിനെക്കാൾ കൂടുതലായി ഭരണകക്ഷികളിൽപ്പെട്ടവരാണ് ഞങ്ങൾക്കാപത്തുണ്ടാക്കുന്നതെന്നു ഞ

ശേഷം 10-ാം പേജിൽ

# അപ്രസക്തി

(കഴിഞ്ഞലക്കം തുടർച്ച)

പ്രാദേശിക കോൺഗ്രസ് നേതൃത്വത്തിനും കേന്ദ്രത്തിലെ ചില കോൺഗ്രസ് നേതാക്കന്മാരെ ഒററതിരിച്ചും കമ്മ്യൂണിസ്റ്റുകാരും മിത സോഷ്യലിസ്റ്റുകളും കോൺഗ്രസേതര മനസ്ഥിതിയെ മിക്കവാറും പ്രാദേശികമാക്കി. വ്യവസ്ഥിതിയേയോ അതിന്റെ ശില്പിയായ നെഹ്റുവിനേയോ നിശിതമായി വിമർശിക്കാൻ അവർ തയാറില്ല.

1963ൽ ലോഹ്യ പാർലിമെന്റിൽ പ്രവേശിച്ചതിനു ശേഷം മാത്രമാണ് രാഷ്ട്രത്തിന്റെ പരമോന്നത വേദിയിൽ നിന്നും ആദ്യമായി കോൺഗ്രസേതരത്വം ദൃഢവും പുരോഗമനക്ഷമവുമായി മുഴങ്ങിയത്. നെഹ്റുവിന്റെ കപട തീവ്രവാദത്തിന്റെ മുഖാവരണം പൊളിച്ചു ബ്യൂറോക്രസിയുടെ പിന്തിരിപ്പൻ പരിരക്ഷകനദ്ദേഹമെന്ന് ബോധ്യപ്പെടുത്താനും 1962ൽ ചൈനയുടെ കൈകളിൽ ഇന്ത്യക്കുണ്ടായ അ അപമാനത്തിന്റെ ഉത്തരവാദി നെഹ്റുവാണെന്ന് തെളിയിക്കാനും ലോഹ്യക്കു കഴിഞ്ഞു.

നെഹ്റു ഭരണകൂടത്തെ ശക്തിയായി വിമർശിക്കാനും പരിപാടികൾ നടപ്പിലാക്കിക്കുവാനായി ശക്തമായ ബഹുജനപ്രക്ഷോഭം സംഘടിപ്പിക്കുവാനും ജനങ്ങളുടെ കോൺഗ്രസേതര മനസ്ഥിതി വളർത്തുവാനും ഇടതു പക്ഷ കക്ഷികൾ പരാജയപ്പെട്ടതുകൊണ്ട് പുതുതായുണ്ടായ ഒരു കൂട്ടം പാർട്ടികൾക്ക് കോൺഗ്രസ് വിരുദ്ധ വോട്ടുകൾ നേടി ഭാഗികമായി അധികാരത്തിലെത്താൻ കഴിഞ്ഞു. ഇടതുപക്ഷ കക്ഷികളുടെ അടിസ്ഥാന പരമായ ഈ ദുർബലതയും മിസ്സിസ് ഗാന്ധിയോട് അവർക്കുള്ള വിധേയത്വവും ഇന്നും തുടരുന്നു.

പി. എസ്. പിയുടെ നിലപാട് വിശദമായി ചർച്ച ചെയ്യേണ്ടതാവശ്യമാണെന്ന് ഞാൻ കരുതുന്നില്ല. പിന്തിരിപ്പൻ രീതിയിലുള്ള കമ്മ്യൂണിസ്റ്റ് വിരുദ്ധത എന്ന അതിന്റെ സ്വഭാവം ആ പാർട്ടി ഇന്നും ഉപേക്ഷിച്ചിട്ടില്ല. 1942 ആഗസ്റ്റ് മാസകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി വിദേശ ശക്തികളോട് കാണിച്ച കൂറും അതേത്തുടർന്നുണ്ടായ രോഷവും ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടികളുടെയിടയിൽ പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. പക്ഷെ പി. എസ്. പി. നേതാക്കളെ സംബന്ധിച്ചിടത്തോളം സ്റ്റാലിനിസത്തോടുള്ള വൈരാഗ്യം തരംതാണ കമ്മ്യൂണിസ്റ്റ് വിരുദ്ധതയായും വലതു പക്ഷ പിന്തിരിപ്പൻ രീതി അതിനെക്കാൾ ദൂഷ്യം കുറഞ്ഞതാണെന്നുമുള്ള ഒരു മനസ്ഥിതിയോളമെത്തി. പി. എസ് പിക്ക് ഡി. ആർ. എസ്, കോൺഗ്രസ്സ് ഫോർ കൾച്ചറൽ ഫ്രീഡം തുടങ്ങിയ സംഘടനകളുമായുണ്ടായിരുന്ന ബന്ധം എല്ലാവർക്കുമറിവുള്ളതാണ്. ഇത്തരത്തിലുള്ള ഒരു മനസ്ഥിതിയാണ് 1959 ൽ കോൺഗ്രസ് പി. എസ്. പി. മുസ്ലീം ലീഗ് കക്ഷികൾ ചേർന്ന് ചേർന്ന് കേരളത്തിൽ വിമോചന സമരമുണ്ടാക്കാനിടയായ സാഹചര്യം സൃഷ്ടിച്ചത്.

അററ്ലാന്റിക്ക് പ്രദേശത്തെ സംഘടനകളായ സോഷ്യലിസ്റ്റ് ഇന്റർനാഷണൽ, ഐ. സി. എഫ്. ടി. യു തുടങ്ങിയവയുമായുള്ള ഇടപാടുകൾ വഴി പി. എസ്. പിയുടെ ഈ പ്രവണത നിലനിർത്തപ്പെട്ടു കൊണ്ടേയിരിക്കുന്നു. കമ്മ്യൂണിസത്തോടുള്ള വിമർശനാത്മകമായ സമീപനവും സി. ഐ. എ. യുടെ സാമ്പത്തിക സഹായത്തിൽ നിലനിൽക്കുന്ന സ്ഥിതി കമ്മ്യൂണിസ്റ്റ് വിരുദ്ധ സംഘടനകളുടെ സമീപനവും തമ്മിൽ മൗലികമായ അന്തരമുണ്ട്. സ്റ്റാലിനു ശേഷമുണ്ടായ വമ്പിച്ച മാററങ്ങൾ—സ്വയം നിർണ്ണയാവകാശവാദം, വികേന്ദ്രീകൃതനയം, അയഞ്ഞ സമീപനത്തിനുള്ള പ്രവണത, മചൈനയും റഷ്യയുമായുള്ള അകൽച്ച മുതലായവ-കണക്കിലെടുക്കാതിരിക്കുന്നത് അങ്ങേയററത്തെ മുൻവിധി കൊണ്ടാണ്. പി എസ്. പി നേതാക്കൾ അവരുടെ ഔദ്ധത്യപൂർണ്ണമായ പഴഞ്ചൻ സമീപനം ഉപേക്ഷിക്കാൻ വിസമ്മതിക്കുന്നു.

ഒരു സോഷ്യലിസ്റ്റ് പാർട്ടിയുടെ അതിപ്രധാനമായ ചുമതല പഴഞ്ചത്വത്തിനും അതേപോലെ തന്നെ ഏററവും പ്രധാന കക്ഷിയായ കോൺഗ്രസിനോടും ബൂർഷ്വാ സമൂഹത്തിന്റെ ധർമ്മശാസ്ത്രങ്ങളോടും സ്ഥാപനങ്ങളോടും പോരാടുക എന്നതാണെന്ന കാര്യം മനസ്സിലാക്കുന്നതിന് പി. എസ്. പി പരാജയപ്പെട്ടു. കമ്മ്യൂണിസത്തോടവർക്കുള്ള ഭീതി അവരുടെ ആത്മാവിനെ മരവിപ്പിച്ചു. പരിവർത്തനത്തിനുള്ള പോരാട്ടത്തിന്റെ മുന്നണിയിൽ നിലയുറപ്പിക്കാനവർക്കു കഴിഞ്ഞില്ല. ഇക്കാരണങ്ങൾ കൊണ്ടാണ് പ്രധാനമായും അതിന്റെ നേതാക്കൾ ബനാറസിൽ വച്ച് എസ്. എസ് പി യുമായി തെററിപ്പിരിഞ്ഞത്.

ബോംബെയിൽ അടുത്തകാലത്ത് രൂപംപൂണ്ട ശിവസേനയെപ്പോലുള്ള ഒരു ഫാസിസ്റ്റ് കക്ഷിയുമായി ഒരു സോഷ്യലിസ്റ്റ് പാർട്ടിക്ക് എങ്ങിനെ കൂട്ടുകൂടാൻ കഴിയുമെന്ന് ചിലര് അത്ഭുതപ്പെട്ടേക്കാം. ഇതിൽ അതിശയിക്കാനൊന്നുമില്ല. പി. എസ്. പിയ്ക്കു് അടിസ്ഥാനപരമായുള്ള കമ്മ്യൂണിസ്റ്റ് വിരുദ്ധതയാണ് ഒരു കാരണം. കൂടാതെ 'കമ്മ്യൂണിസ്റ്റ്-രോഗാണുവിന്റെ' ആക്രമണത്തിനെതിരെ യുവാക്കളിൽ 'സ്വയംരോധശക്തി' വളർത്താൻ ശിവസേനയ്ക്കു കഴിയുമെന്നവർ വിശ്വസിക്കുന്നു. പി. എസ്. പി നേതാക്കളുടെ കമ്മ്യൂണിസ്റ്റ് വിരോധം ബാലിശമായ ഈ അവസ്ഥവരെ എത്തിയിരിക്കുന്നു.

നെഹ്റുവിനു ലഭിച്ച സോവിയററ് പിന്തുണയാണ് ഇന്ത്യൻ ഇടതുപക്ഷങ്ങളിലൊന്നായ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നെഹ്റുവിന്റെ താളത്തിനൊത്ത് തുള്ളുന്നവരാക്കി മാററിയത്.

കൂടാതെ കൊസീജിന്റെ സ്വാധീനവും കോൺഗ്രസ്സ് രാഷ്ട്രീയത്തിൽ ഫലപ്രദമായ സോഷ്യലിസ്റ്റ് അംശങ്ങളുണ്ടെന്ന അദ്ദേഹത്തിന്റെ സമീപനവും വലതുകമ്മ്യൂണിസ്റ്റ് പാർട്ടിയെ 'പിന്തിരിപ്പന്മാരുടെ ബോഗി' ക്കെതിരെ കയ്യുയർത്തുന്നവരായും അതേസമയം ശ്രീമതി ഇന്ദിരയുമായി സഹകരിക്കുവാനുള്ള മാർഗങ്ങളാരായുന്നവരായും കോൺഗ്രസ്സിലെ ഇടതുപക്ഷം എന്നു വിളിക്കപ്പെടുന്നവരുമായി ബന്ധം വയ്ക്കാനും ശ്രമിക്കുന്നവരാക്കി മാററുകയും ചെയ്തു.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 'കോൺഗ്രസ്സ് ഇടതുപക്ഷ'ത്തെ സംബന്ധിച്ചേടത്തോളമുള്ള അയഥാർത്ഥമായ സമീപന രീതി അടിസ്ഥാനപരമായി ഈ രീതിയിലാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പു 'കോൺഗ്രസിനെ ഉടച്ചു മാററുന്ന'തിനു വേണ്ടിയുള്ള ശ്രമത്തിൽ മടിച്ചുകൊണ്ടാണെങ്കിലും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഏർപ്പെട്ടു. എട്ടു സംസ്ഥാനങ്ങളിൽ കോൺഗ്രസ് പരാജയപ്പെട്ടതിന്റെ ഫലമായി 'കോൺഗ്രസ് വിരുദ്ധ ചേരിയിൽ തുടർന്നു നിൽക്കുന്നതിനും ജനസംഘം സ്വതന്ത്ര അകാലിദൾ തുടങ്ങിയ വലതു പക്ഷകക്ഷികളുമായിപ്പോലും ചേർന്ന് കൂട്ടുഗവണ്മെണ്ടുകൾ രൂപീകരിച്ച് അവയിൽ സഹകരിക്കുന്നതിനും ഇന്ത്യൻ കമ്മ്യൂ

ണിസ്റ്റ് പാർട്ടി തയാറാകേണ്ടിവന്നു. വലതു പക്ഷകക്ഷികളുമായി എസ്. എസ്. പി. ബന്ധം പുലർത്തുന്നു എന്നാരോപിച്ചുകൊണ്ട് പുച്ഛിക്കുന്നയവസരത്തിൽ തന്നെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി എസ്. എസ്. പി. കടന്നു വരുന്നതിനു വളരെ മുമ്പുതന്നെ രാംഗറിലെ രാജാവും ജനസംഘവും ഉൾപ്പെട്ട ഭോലാപാധ്വൻ കൂട്ടുമന്ത്രിസഭയിൽ ചേർന്നു എന്ന് ഓർമ്മശക്തിയുള്ള ആളുകൾക്കറിയാം.

നിഷേധിക്കാനാവാത്ത ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചതു് വലതു കമ്യൂണിസ്റ്റ് പാർട്ടിയുടെ വൈരുദ്ധ്യങ്ങൾ എടുത്തുകാട്ടുവാനോ അധികാരം തേടിയുള്ള അതിന്റെ അവസരവാദിത്വ സ്വഭാവം സ്ഥാപിക്കുവാനോ അല്ല, അവസരവാദിത്വം ഇന്നെല്ലാം പാർട്ടികളുടേയും മുന്തി നിൽക്കുന്ന സവിശേഷതയായിക്കഴിഞ്ഞിട്ടുണ്ട്. 1949 പിളർപ്പിനുശേഷം കേരളത്തിലും ബംഗാളിലും അതിനുണ്ടായിരുന്ന കോട്ടകൾ തകർന്നു കഴിഞ്ഞിട്ടും അഖിലേന്ത്യാ കക്ഷി എന്ന സ്ഥാനം വലതു കമ്യൂണിസ്ററു പാർട്ടിക്കു നിലനിർത്തിക്കൊടുത്ത സംസ്ഥാനത്തിൽ 1966 മുതൽ 1968 വരെ എസ്. എസ്. പിയുമായി സഹകരിച്ചു എങ്കിലും അതിനു ശേഷം ആ ബന്ധം ഉപേക്ഷിച്ചു പുറകോട്ടുമാറി നിന്നതെങ്ങിനെ എന്നു പറയാനാണ്. കോൺഗ്രസ്സ് വിരുദ്ധ നയത്തിന് പിന്തുണ കൊടുത്തതുമൂലം റഷ്യയിൽ നിന്ന് അവർക്ക് ശക്തമായ താക്കീതുകൾ ലഭിച്ചു. അതിനു ശേഷം കോൺഗ്രസ് വിരുദ്ധവുമായി മുന്നോട്ടുപോവുക എന്ന നയം അവർ ഉപേക്ഷിച്ചു.

എ. ഐ. സി. സി. യുടെ കാപട്യം നിറഞ്ഞ പത്തിന പരിപാടിയും യുവതുർക്കികളുടെ നിഴൽ ഗുസ്തിയും കോൺഗ്രസ് ഇടതുപക്ഷത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ തക്കവണ്ണം പുരോഗമനപരമായ പുനർവ്വിചാരം കോൺഗ്രസിലുണ്ടെന്ന് ആശ്വസിക്കുവാൻ വലതു കമ്യൂണിസ്ററു പാർട്ടിക്ക് അവസരം നൽകി. കെ. സി. മാളവ്യ, കൃഷ്ണമേനോൻ തുടങ്ങിയവർ നിരാശരായി കോൺഗ്രസ്സിൽ നിന്ന് വിട്ടുപോരാൻ സുഹൃത്തുക്കളെ ആഹ്വാനം ചെയ്തു തുടങ്ങിയിട്ടുണ്ടായിരുന്നുവെങ്കിലും.

ഇതുവരെ നിങ്ങളുടെ ഏററവും കടുത്ത വിമർശകരായിരുന്നവരുമായി അങ്ങിനെ തെരഞ്ഞെടുപ്പിനു ശേഷം വലതു കമ്യൂണിസ്ററ് പാർട്ടിക്ക് വളരെ അത്ഭുതകരമായ രീതിയ്യൽ കൂട്ടുകൂടുവാനുമുള്ള അവസരം നേടി.

കഴിഞ്ഞ മൂന്നു വർഷങ്ങളായി വിസ്മയകരമായ വ്യതിയാനങ്ങൾ സംഭവിച്ചതു് മാർക്സിററ് പാർട്ടിയുടെ കാര്യത്തിലാണ്. 'പരിഷ്കരണവാദികളായ പിന്തിരിപ്പന്മാരുമായുണ്ടായ അഭിപ്രായാന്തരവും ആഭ്യന്തര സാഹചര്യത്തിൽ ഇന്ത്യക്ക് യോജിച്ചതു് പടിപടിയായുള്ള പോക്കാണെന്ന വാദവുമായുള്ള വിയോജിപ്പും കൂടാതെ പരിഷ്കരണവാദികളായ റഷ്യയുമായി ചൈനക്കുള്ള താത്വിവും നയപരവുമായ എതിർപ്പിനോടുള്ള സഹാനുഭാവം തുടങ്ങിയ കാരണങ്ങളാൽ മാതൃസംഘടനയിൽ നിന്ന് മാർക്സിസ്ററ് പാർട്ടി തെററിപ്പിരിഞ്ഞു.

തെരഞ്ഞെടുപ്പിൽ നല്ല ഒരു ശക്തി പ്രകടനം നടത്തിയതിനു ശേഷം മാർക്സിസ്ററ് കമ്യൂണിസ്ററുകൾ അവരുടെ യുവാക്കളുടെ അണിയിലുണ്ടായ നിരാശ അവരുടെ സിദ്ധാന്തവും പ്രായോഗികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അതി നീരാശിതമായ വിമർശനം ഇവക്കെല്ലാത്തിനും പുറമേ പാർട്ടി നേതൃത്വത്തിന്റെ ചൈനാ നയത്തിനെതിരെയുണ്ടായ പൊതുജനാഭിപ്രായം തുടങ്ങിയ കാരണങ്ങളാൽ തങ്ങളുടെ തെററായ വിശ്വാസങ്ങളിൽ നിന്നാണ്.

പാർലമെൻററി മാർഗ്ഗങ്ങളോടുള്ള താത്വികമായ നിഷേധത്തോടൊപ്പം കൂട്ടുഗവണ്മെണ്ടുകളിൽ പങ്കാളിത്വം വഹിച്ചു നടപ്പിലാക്കേണ്ട പരിപാടികളുടെ കാര്യത്തിൽ പ്രകടമാക്കിയ പാപ്പരത്വം വെക്കിങ്ങിനെ പ്രചരണം എന്നിവ ആന്ധ്ര ബംഗാൾ, കേരളം എന്നീ സംസ്ഥാനങ്ങളിൽ മാർക്സിസ്ററ് പാർട്ടിയിൽ നിന്ന് 'വമ്പിച്ച പിരിഞ്ഞുപോകൽ' ഉണ്ടാക്കി.

നീണ്ട മുപ്പതു വർഷത്തെ ശീലം താത്വികമായും ഭൗതികമായും കമ്യൂണിസ്റ്റുകളെ ദയനീയമായ വിധത്തിൽ വിദേശത്തുനിന്നും പിന്തുണയുടെ ആശ്രിതരാക്കി.

ചൈനയുടെ കയ്യിൽ അസമാനിതരായി അവരിൽനിന്നും മോചനം നേടുകയും' റഷ്യയുടെ ചരടു വലികളിൽ നിന്ന് മുമ്പേതന്നെ മുക്തരാവുകയും ചെയ്ത മാർക്സിസ്ററ് പാർട്ടിക്ക് ഈ രാജ്യത്തുനിന്നും അതിലെ ജനങ്ങളിൽ നിന്ന് ശക്തിയും ആവേശവും സമാഹരിച്ചു വിപ്ലവത്തിന്റെ സ്വയം നിർണ്ണായാവകാശം നേടുന്നതിനും അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ത്വരകവാഹകമായി പ്രവർത്തിക്കുന്നതിനുമുള്ള മാർഗ്ഗം തുറന്നു കിട്ടി. ഈ അവസരം അവർ നഷ്ടപ്പെടുത്തി എന്നു മാത്രമല്ല റഷ്യയുടെ മാതൃപരിലാളനത്തിലേക്ക് അവർ തിരിച്ചു ചെന്നു.

റഷ്യയുടേയും വാഴ്സാ സഖ്യ രാഷ്ട്രങ്ങളുടേയും ഉണർന്നെഴുന്നേററ ചെക്കോസ്ലാവാക്യക്കെതിരേയുള്ള 'കടന്നാക്രമണത്തെ മാർക്സിസ്ററു പാർട്ടി തുറന്നു പിന്തുണച്ചതു് ചൈനയും അൽബേനിയയും ഒരു വശത്തും റുമേനിയ, യുഗോസ്ലാവിയ, ഇററലി, ഫ്രാൻസ് എന്നീ രാജ്യങ്ങൾ മറുവശത്തുമായി ഒരേ പോലെ എതിർത്ത അവസരത്തിലാണെന്നതു് ആരേയും ഞെട്ടിപ്പിക്കും. ഇനി നേതാക്കളുടെ ഞെട്ടലുണ്ടാക്കുന്ന കാര്യം പരിഷ്കരണ വാദികളുടെ പാർട്ടിയിൽപ്പോലും മൂടിവെക്കാനാവാത്ത മുറുമുറുപ്പുണ്ടായിരിക്കേ, റഷ്യയെ ന്യായീകരിക്കുക എന്ന പോളിററ് ബ്യൂറോവിന്റെ (മാർക്സിസ്ററ്) നയത്തെ എതിർക്കുവാൻ മാർക്സിസ്ററ് പാർട്ടിയിൽ ആരും ഉണ്ടായിരുന്നില്ലെന്നുള്ളതാണ്. അവരുടെ അണികളുണ്ടേലും നുലും മോസ്കോ നോക്കി നയത്തെ അപ്പാടെ വിഴുങ്ങി. ഈ പ്രശ്നത്തിൽ നേതൃത്വം പ്രകടിപ്പിച്ച കീഴടങ്ങലിനെതിരെ പാർട്ടിയിൽ അഭിപ്രായവ്യത്യാസങ്ങളോ, തുറന്ന ചർച്ചകളോ പാർട്ടിക്കുള്ളിലെ ചർച്ചകളോ നടന്നില്ല. മാർക്സിസ്ററു പാർട്ടിയുടെ ധാർമ്മികമായ അധ:പ്പതനത്തിനു് ഇതിലും വലിയ തെളിവിന്റെ ആവശ്യമില്ല. 'നിയോ റിവിഷനിസ്ററുകൾ എന്നു മുദ്രയടിക്കപ്പെട്ട നക്സൽബാരികൾ എന്ന പേരിൽ ഇന്നറിയപ്പെടുന്നവർ ഇതിനു തെളിവാണ്.

മാർക്സിസ്ററു കമ്യൂണിസ്ററു പാർട്ടിയുടെ "ചെക്കോസ്ലാവാക്യൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്ററു കമ്യൂണിസ്ററു പാർട്ടിയും ഇന്ത്യൻ കമ്യൂണിസ്ററു പാർട്ടിയുമായുള്ള അഭിപ്രായ വ്യത്യാസത്തിന്റെ മേഖല കുറഞ്ഞു. മോസ്കോ നിർണ്ണയിക്കുന്ന ഇന്ത്യൻ കമ്യൂണിസ്ററു പാർട്ടിയുടെ ഇന്ദിരക്കനുകൂലമായ നിലപാടിലേക്കവർ അടുത്തു. യുവതുർക്കികൾ എന്നറിയപ്പെടുന്നവരുടെ സവിശേഷതയായി പറയപ്പെടുന്ന കോൺഗ്രസ് ഇടതുപക്ഷത്തിന്റെ ആവിർഭാവത്തിന് കൂടുതൽ ഉത്സാഹപൂർണ്ണമായ പിന്തുണ അവർ നൽകിത്തുടങ്ങി. നിയോറിവിഷനിസത്തെ റിവി

ങ്ങൾക്കറിയാം. അങ്ങിനെ വല്ല പദ്ധതിയുമുണ്ടാക്കിയിട്ടായിരിക്കാം ഐ. ജിയെക്കൊണ്ട ഞങ്ങൾക്ക് കത്തയപ്പിച്ചതു്. ഏതായാലും ഞങ്ങളുടെ സുരക്ഷിതത്വത്തിന്റെ ഉത്തരവാദിത്വം പോലീസ് ഏറെറടുക്കുന്നുണ്ട്. ആ സ്ഥിതിക്ക്, സംരക്ഷണം വേണ്ടെന്നു പറഞ്ഞാൽ പിന്നീടെന്തെങ്കിലും സംഭവിച്ചാൽ അവർക്കതിൽ നിന്നൊഴിയുവാനും കഴിയും. ഇതു് ഗാന്ധിയെപ്പററിയും പറയാറുണ്ട്" (മാതൃഭൂമി, ജൂലായ് 20)

ഇ. എം. എസ്. പോലീസ് ഐ. ജിക്കയച്ച കത്തും അദ്ദേഹം നൽകുന്ന വിശദീകരണവുമൊക്കെ വായിച്ചിട്ടും പോലീസ് സംരക്ഷണം സ്വീകരിച്ചതിനു ന്യായീകരണം കാണാൻ കഴിയുന്നില്ല. 'ഞങ്ങളേയും ഞങ്ങളുടെ പാർട്ടി അംഗങ്ങളേയും രക്ഷിക്കുന്നതിനു ആത്മരക്ഷക്കുള്ള ഏർപ്പാടുകൾ ഉണ്ടാക്കാനുള്ള ഞങ്ങളുടെ അവകാശം ഉപേക്ഷിക്കാൻ ഞങ്ങൾക്ക് കഴിയില്ലെ'ന്നും മററും ഇ. എം. എസ് എഴുതി അറിയിച്ചിട്ടുണ്ട്. ആത്മരക്ഷക്ക് ഏർപ്പാട് ചെയ്യേണ്ടെന്നൊന്നും ഐ. ജി പറഞ്ഞില്ലല്ലോ. പിന്നെ അദ്ദേഹത്തിനു ഈ സ്റ്റഡിക്ലാസ്സ് കൊടുക്കേണ്ട വല്ല ആവശ്യവുമുണ്ടോ. പോലീസ് സംരക്ഷണം സ്വീകരിക്കാമെന്നോ സ്വീകരിക്കുന്നില്ലെന്നോ എഴുതി അറിയിച്ചാൽ മാത്രം പോരെ? ഈ വളച്ചുകെട്ടി പറയുന്നതിന്റെയർത്ഥം ആർക്കും മനസ്സിലാകുകയില്ലെന്നാണോ മാർക്സിസ്റ്റ് നേതാക്കൾ കരുതുന്നതു്. പിന്നെ പാർട്ടിയിലെ അംഗങ്ങളെ രക്ഷിക്കുന്നതിനു ആത്മരക്ഷക്കുള്ള ഏർപ്പാടുണ്ടാക്കാനുള്ള അവകാശത്തെപ്പററിയും ഇ. എം. എസ് പറയുന്നുണ്ട്. പാർട്ടിയിലെ അംഗങ്ങൾക്കില്ലാത്ത പോലീസ് സംരക്ഷണം നേതാക്കന്മാർ സ്വീകരിക്കുന്നതെന്തിനാണ്? ആത്മരക്ഷക്ക് ഏർപ്പാടുണ്ടാക്കുമെന്നു പറയുക. അതേസമയം പോലിസ് സംരക്ഷണം സ്വീകരിക്കുക ഇതിന്റെയർത്ഥം ആത്മർക്ഷക്കു ഏർപ്പാടുണ്ടാക്കാൻ കഴിവില്ലെന്നു പരസ്യമായി സമ്മതിക്കാൻ തന്നെയാണ്.

മന്ത്രിമാർ മുമ്പിലും പിന്നിലും പോലീസകമ്പടിയോട് കൂടി സഞ്ചരിക്കുന്നതിനെ മാർക്സിസ്റ്റ് നേതാക്കൾ പൊതുമൈതാനത്ത് കയറിനിന്ന് പ്രസംഗിക്കുമ്പോൾ കളിയാക്കാറുണ്ട്. പോലീസ് സംരക്ഷണം സ്വീകരിച്ച നേതാക്കൾക്ക് ഇനി അങ്ങിനെ കളിയാക്കാൻ യാതൊരവകാശവുമില്ല. കാരണം വാസ്തവത്തിൽ ഇ. എം. എസിനോ എ. കെ. ജി. ക്കോ നേരിടേണ്ടിവന്നിട്ടുള്ളതിനെക്കാൾ അപകടം നേരിടേണ്ടിവന്നിട്ടുള്ളത്. അഭ്യന്തര മന്ത്രി സി. എച്ച്. മുഹമ്മദ്കോയക്കാണ്. അദ്ദേഹത്തിന്റെ നേരെ ആസിഡ് ബോംബ് എറിഞ്ഞതിനു തെളിവുണ്ട്. പോലീസുകാര തങ്ങളുടെ മന്ത്രിയെ രക്ഷിക്കാൻ വമ്പിച്ച സന്നാഹങ്ങൾ നടത്തിയാൽ അത്ഭുതമില്ല. ആർക്കുവേണമെങ്കിലും അതിനെ വിമർശിക്കാം. പക്ഷെ മേലിൽ മാർക്സിസ്റ്റ് നേതാക്കൾ അത് ചെയ്യരുത്. അവര പോലീസകമ്പടിയോടെ നടക്കുന്നവരാണെന്നു തെളിഞ്ഞുകഴിഞ്ഞു

പാർട്ടി സഖാക്കളേയും നാട്ടുകാരേയുമാണ് തങ്ങളുടെ സംരക്ഷണത്തിനു ആശ്രയിക്കുന്നതെങ്കിലും, വല്ലതും സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നു പോലീസിനു ഒഴിഞ്ഞുമാറാൻ പററാതിരിക്കുന്നതിനാണ് ഐ. ജി. യുടെ നിർദ്ദേശം സ്വീകരിച്ചതത്രെ. അതിബുദ്ധിയുള്ള പൊന്മാൻ കിണററിൽ മുട്ടയിട്ടുമെന്നൊരു ചൊല്ലുണ്ട്. അതേപോലുണ്ട് ഇ. എം. എസിന്റെ വിശദീകരണം. ഇ. എം. എസും എ. കെ. ജി. യും പോലീസ് സംരക്ഷണം നിരസിക്കുമെന്ന വിശ്വാസത്തോടെയാണ് ഐ. ജി. അവർക്ക് എഴുത്തയച്ചതെന്നാണോ മാർക്സിസ്റ്റ് നേതാക്കൾ ഒരു കരുതുന്നത്. അങ്ങിനെ സംരക്ഷണം സ്വീകരിച്ചതുവഴി തങ്ങൾ ഐ. ജി. യെപ്പററിച്ചു കളഞ്ഞുവെന്ന് മാർക്സിസ്റ്റ് നേതാക്കൾ അഭിമാനിക്കുന്നുണ്ടായിരിക്കും.

പക്ഷെ ഒരു കുഴപ്പമുണ്ട്. ഇഷ്ടമുള്ള പോലീസുകാരെ അംഗരക്ഷകരായി തെരഞ്ഞെടുക്കാമെന്നാണ് ഐ. ജി. എഴുതിയിരുന്നത്. അതനുസരിച്ച്. മുൻമന്ത്രിമാരായ കെ. ആർ. ഗൌരിയുടേയും ഇമ്പിച്ചിബാവയുടേയും അംഗരക്ഷകരായിരുന്ന രണ്ട് പേരെ തനിക്കു സംരക്ഷണം നൽകാൻ നിയോഗിക്കണമെന്നു എ. കെ. ജി. ആവശ്യപ്പെട്ടിട്ടുമുണ്ട്. തനിക്കു നേരിട്ടു അറിയാവുന്നവരാണ് ഇവരെന്നതുകൊണ്ട് ഇവരെ നിയോഗിക്കണമെന്നാണ് എ. കെ. ജി. പറഞ്ഞിരിക്കുന്നത്.

ഇ. എം. എസ്സിന്റെ വിശദീകരണപ്രകാരമാണെങ്കിൽ, ഇഷ്ടമുള്ള രണ്ടു് പോലീസുകാരെ അയച്ചാൽ മതിയെന്നു പറയേണ്ടതായിരുന്നു. അതിനുപകരം പേരു പറഞ്ഞു് ആളെ ആവശ്യപ്പെട്ടിരിക്കയാണ്. ഇനി വല്ല ആപത്തും നേരിട്ടാൽ ഐ. ജി. ക്ക് ഇങ്ങനെ ചോദിച്ചുകൂടെ? 'ആവശ്യപ്പെട്ട പോലീസുകാരെയാണ് അംഗരക്ഷകരായി നൽകിയതു്. അവർ ഒന്നിനും ഒന്നിനും കൊള്ളരുതാത്തവരായിരുന്നു.' പാവപ്പെട്ട ഈ പോലീസുകാരെ എന്തിനു കുടുക്കിലാക്കുന്നു. തങ്ങളെ അപായപ്പെടുത്താൻ ഭരണകക്ഷിക്കാർക്കു പരാതിയുള്ളതുകൊണ്ടായിരിക്കാം ഐ. ജി. യെക്കൊണ്ട് കത്തയപ്പിച്ചതെന്നും ഇ. എം. എസ്സ്. സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ഇ. എം. എസ്സ്. അങ്ങിനെ പറയാൻ പാടില്ലായിരുന്നു. ഇഷ്ടമുള്ള അംഗരക്ഷകരെ തെരഞ്ഞെടുക്കുന്നവർക്ക് ഇങ്ങനെയാരോപിക്കാൻ ഒരവകാശവുമില്ല. ഇഷ്ടമുള്ളവരെ തെരഞ്ഞെടുക്കുകയെ

### അപ്രസക്തി [തുടർച്ച]

ഷനിസവുമായി ബന്ധിപ്പിക്കുന്ന വഴി വളരെ കുറിയതു തന്നെ !

കമ്യൂണിസ്ററുകൾ മുന്നോട്ടുവെച്ചിട്ടുള്ള ദേശീയതലത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ ഐക്യം വളരെ വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്.

ഈ. മുന്നണിയുടെ പ്രധാന ലക്ഷ്യമെന്തായിരിക്കും? കോൺഗ്രസിലെ വിവിധ ശക്തിഗ്രൂപ്പുകളുമായി അതിനുള്ള ബന്ധമെന്തായിരിക്കും? മററു കോൺഗ്രസ്സേതര കക്ഷികളുമായി അതിനാകാവുന്ന ബന്ധം എപ്രകാരം നിർവചിക്കപ്പെടും? വിദേശ ഇടപെടലിനോടുള്ള അതിന്റെ സമീപനമെന്തായിരിക്കും? തൊഴിലാളി പാർട്ടികളുടെ നിയന്ത്രിത സ്വയം നിർണ്ണയാവകാശത്തോടും സോഷ്യലിസ്ററു രാജ്യങ്ങളുടെ നിയന്ത്രിത പരമാധികാരത്തോടും അതിന്റെ സമീപനമെന്താണ്

ഉത്തരം പറയേണ്ടതായി വളരെപ്പെട്ടന്നുയർന്നു വരുന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്

കോൺഗ്രസ്സിൽ സത്യസന്ധനായ ഒരു പുരോഗമനവാദിക്ക് നിൽക്കാൻ കഴിയുമെന്നോ ഇന്നു നിൽക്കുന്നുണ്ടെന്നോ ചാഞ്ചല്ല്യമില്ലാത്ത വിമർശനാത്മകമായ സമീപനമുള്ള ഒരു കമ്യൂണിസ്ററിനും സമ്മതിക്കാൻ സാദ്ധ്യമല്ല. അധികാരത്തിൽ? ലടരുക എന്ന പരിപാടിയൊഴികെ മറെറാരു പരിപാടിയിലും ഇന്ദിരാഗാന്ധി വിശ്വസിക്കുന്നില്ലെന്നയാൾക്കറിയാം. പക്ഷെ സോവിയററ്, ഗവർമ്മേണ്ട് ഇന്ദിരാഗാന്ധിയെ കണക്കാക്കുന്നതു് ഒരു ശക്തിസ്തൂപമായിട്ടോ, അറിയപ്പെടാത്തവർക്കു പകരമായി അറിയപ്പെടുന്ന എന്ന നിലയിൽ പിന്തുണക്കു അർഹതയുള്ളതായിട്ടോ, ഇരുളിൽ മുങ്ങിത്തപ്പുന്നതു വെറും ഒരു മാററത്തിനോ ആയിട്ടാണെന്നും അയാൾക്കറിയാം.

ന്നുവെച്ചാൽ, അവർ തങ്ങളുടെ സംരക്ഷണത്തിനു കഴിവുള്ളവരാണെന്നവിശ്വാസം പ്രകടിപ്പിക്കുകയെന്നാണർത്ഥം. അവർ പോലീസുകാരാണെങ്കിൽ, പോലീസിന്റെ സംരക്ഷണത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നുവെന്നും അർത്ഥമാക്കുന്നു. പിന്നെ നാട്ടുകാരുടെ സംരക്ഷണത്തെപ്പററിയും പാരട്ടിസഖാക്കളുടെ സംരക്ഷണത്തെപ്പററിയും പൊങ്ങച്ചം പറയുന്നതിനർത്ഥമില്ല.

ഏതായാലും ശരി, മാർക്സിസ്റ്റ് നേതാക്കൾ ഐ. ജി. യുടെ നിർദ്ദേശം സ്വീകരിച്ച് പോലീസ് സംരക്ഷണം സ്വീകരിച്ചതിനു ന്യായീകരണമൊന്നുമില്ല. പോലീസ് സംരക്ഷണം കിട്ടിയാൽ കൊള്ളാമെന്നു അവർക്കു തോന്നിയെങ്കിൽ അത് നേരെ പറയുകയായിരുന്നു വേണ്ടിയിരുന്നത്. ഭരണകക്ഷിക്കാരിൽ നിന്നു അപായം നേരിടാനിടയുണ്ടെന്നും മററും പറഞ്ഞു യാഥാർത്ഥ്യം മറച്ചുവെക്കാൻ ശ്രമിച്ചിട്ടു ഫലമില്ല. കേരളത്തിൽ തന്നെയല്ലേ നാമൊക്കെ ജീവിക്കുന്നത്? ഇവിടെ അങ്ങിനെയൊരു രാഷ്ട്രീയ നേതാവിന്റെ ജീവനും വലിയ അപകടമൊന്നും വരാനില്ല. രാഷ്ട്രീയ വൈരാഗ്യം കൊണ്ട് നേതാക്കളെ കൊന്നിട്ടുള്ള ചരിത്രവും കേരളത്തിലില്ല. നക്സലൈററ് ആക്രമണങ്ങൾ ധാരാളമായി നടക്കുന്ന ബംഗാളിൽപോലും ഒരു രാഷ്ട്രീയ കക്ഷിയുടേയും നേതാവിനു പോലീസ് സംരക്ഷണം നൽകിയിട്ടുള്ളതായി അറിവില്ല. രാഷ്ട്രീയ കൊലപാതകങ്ങളും ബംഗാളിലുണ്ടായിട്ടുണ്ട്. എന്നിട്ടും അവിടെ ഒരു കക്ഷിനേതാവിനും പോലീസ് സംരക്ഷണം കൊടുത്തിട്ടില്ല. അത് വേണമെന്നു ആരും ആവശ്യപ്പെട്ടിട്ടുണ്ടെന്നും തോന്നുന്നില്ല. ഇവിടെ ഐ. ജി കത്തയച്ചപ്പോഴേക്കും പോലീസ് സംരക്ഷണം സ്വീകരിക്കാൻ ഇ. എം എസ്സ്, എ കെ ജി യും തയ്യാറായതു് തെററുതന്നെയാണ്. നക്സലൈററുകളോടുള്ള ഭയം മറച്ചുപിടിക്കാൻ വേണ്ടി മാർക്സിസ്റ്റ് നേതാക്കൾ ഭരണകക്ഷിക്കാരെ കുററപ്പെടുത്തുകയാണെന്നു പലരും ധരിക്കാനുമിടയുണ്ട്.

X X X

മുസ്ലീംലീഗ് വർഗീയ സംഘടനയാണോ? അതൊന്നും അല്ലെന്നും ആണത്രെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ഉത്തരം 'കേരളത്തിൽ അതൊരു വർഗീയ സംഘടനയല്ല. കേരളത്തിനു പുറത്ത് ആണതാനും.' പ്രധാനമന്ത്രി കൺസൾട്ടേററീവ് കമ്മററിയിൽ ഇങ്ങനെ അഭിപ്രായപ്പെട്ടുവെന്നാണ് റിപ്പോർട്ട് (മലയാള മനോരമ ജൂലായ് 23, വ്യാഴം) പ്രധാനമന്ത്രിയുടെ അഭിപ്രായത്തോട് മുസ്ലീം ലീഗ്കാർ യോജിക്കുമോ എന്നറിഞ്ഞുകൂടാ. പാക്കിസ്ഥാൻ വാദത്തിനിടയാക്കിയ മുസ്ലീം ലീഗിന്റെ തുടർച്ചതന്നെയാണ് കേരളത്തിലെ മുസ്‌ലീംലീഗെന്ന യാഥാർത്ഥ്യം മുസ്‌ലീംലീഗുകാർ നിഷേധിച്ചിട്ടില്ല. അവർ അതു തുറന്നു പറയാത്തതു് ഭയം കൊണ്ട് മാത്രമാണ്. അവർക്കു വേണ്ടിടത്തൊക്കെ അതു പറയാറുമുണ്ട്.

മുസ്‌ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റ് മുഹമ്മദ് ഇസ്മയിൽ പാക്കിസ്ഥാനുവേണ്ടി വാദം നടത്തിയ മുസ്ലീംലീഗുകാരൻതന്നെയാണ്. ഇപ്പോഴും അദ്ദേഹം ആ പാരമ്പര്യം അവകാശപ്പെടുന്നുമുണ്ട്. മാത്രമല്ല, മുസ്ലീമുകൾ പ്രത്യേകജനവിഭാഗമാണെന്നു വരുത്തുന്നതിൽ മുസ്ലീം ലീഗ് ഇന്നും മുന്നിൽതന്നെയാണ്. ഒരു പക്ഷെ, ഇന്ദിരാഗാന്ധി ഈയഭിപ്രായം പറയാൻ കാരണം കേരളത്തിലെ കോൺഗ്രസ്സുകാർ മുസ്ലീംലീഗിനെ കൂടപിടിക്കാൻ ശ്രമിക്കുന്നതായിരിക്കണം. പക്ഷെ എന്തു ചെയ്യാം.? ഇന്ദിരാഗാന്ധിക്കു വേണ്ടി മുസ്‌ലീംലീഗുകാർ കേരളത്തിൽ ഒതുങ്ങിക്കഴിയുമെന്നാണോ കരുതുന്നത്? കേരളത്തിൽ ലഭിച്ച മന്ത്രിസ്ഥാനം ചൂണ്ടിക്കാട്ടി ഇന്ത്യയൊട്ടാകെ മുസ്‌ലീംലീഗ് വ്യാപിപ്പിക്കാൻ തന്നെയാണ് ശ്രമം നടക്കുന്നത്. തമിഴ്നാട്ടിൽ ഡി. എം. കെ.യുമായി കൂട്ടുകൂടി മുസ്‌ലീംലീഗ് ശക്തി വർദ്ധിപ്പിക്കാൻ ആവുന്നതു ശ്രമിക്കുന്നുണ്ട്. ഉത്തർപ്രദേശിലും മുസ്‌ലീം ലീഗിന്റെ ശാഖ തുടങ്ങാനുള്ള സംരംഭത്തെ ഗൌരവപൂർവ്വം വീക്ഷിക്കുന്നുണ്ടെന്നു മുഖ്യമന്ത്രി ചരൺസിങ്ങ് തന്നെ അടുത്ത ദിവസം നിയമസഭയിൽ പറഞ്ഞതായി റിപ്പോർട്ടുണ്ടായിരുന്നു.

കേരളത്തിൽ മുസ്‌ലീംലീഗ് വർഗ്ഗീയ സംഘർഷത്തിനിടയാക്കുന്നില്ലെന്നും എന്നാൽ കേരളത്തിനു പുറത്ത് അങ്ങിനെയല്ലെന്നുമാണ് ഇന്ദിരാഗാന്ധി പറയുന്നത്. കേരളത്തിൽ മുസ്‌ലീം ലീഗ് വർഗ്ഗീയ സംഘർഷത്തിനിടയാക്കുന്നില്ലെന്നു ഇന്ദിരയോട് ആരാണ് പറഞ്ഞതു്? മുസ്‌ലീം ലീഗിന്റെ ഗുണം കൊണ്ടല്ലാ, കേരളത്തിൽ വർഗ്ഗീയ സംഘർഷമുണ്ടാകാത്തതു്. ഇന്ത്യയിൽ മതസംഘട്ടനമെന്നു പറഞ്ഞാൽ ഹിന്ദുക്കളും മുസ്‌ലീമുകളും തമ്മിലുള്ള സംഘട്ടനമെന്നും മാത്രമേ അർത്ഥമാക്കുന്നുള്ളുവെന്നു തോന്നുന്നു. വളരെ നൂററാണ്ടുകളോളം കേരളത്തിൽ മുസ്ലീമുകളെപ്പോലെത്തന്നെ ക്രിസ്ത്യാനികളും സമാധാനത്തോടെ കഴിഞ്ഞുകൂടിയിട്ടുണ്ട്. ഇവിടെ വർഗ്ഗീയ സംഘട്ടനമൊന്നും അങ്ങിനെ നടന്നിട്ടില്ല. വാസ്തവത്തിൽ മുസ്ലീംലീഗുകാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിൽ മുമ്പില്ലാതിരുന്ന വർഗ്ഗീയ സംഘട്ടനമുണ്ടാകുകയാണ് ചെയ്തത്. വിഴിഞ്ഞത്തും മട്ടാഞ്ചേരിയിലും മാട്ടൂലിലും വർഗ്ഗീയ സ്വഭാവമുള്ള സംഘട്ടനങ്ങൾ നടന്നതിന്റെ പിന്നിൽ മുസ്ലീംലീഗ് വളർത്തിൽ വർഗ്ഗീയ വികാരത്തിനു പങ്കില്ലെന്നു പറയാനാവില്ല. കേരളത്തിലെ മുസ്ലീംലീഗ് വർഗ്ഗീയ സംഘട്ടനത്തിനിടയാക്കുന്നില്ലെന്നു അഭിപ്രായപ്പെട്ട ഇന്ദിരാഗാന്ധിക്കു് കുറച്ചു ദിവസം മുമ്പ് അവർക്കു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് നേതാവ് എ. കെ ഗോപാലൻ അയച്ച കമ്പിയെപ്പററി ഓർക്കാത്തതെന്താണാവോ? മുസ്ലീംലീഗുകാരനായ പോലീസ് മന്ത്രിയുടെ ഭരണത്തിൽ, മാട്ടൂലിൽ മുസ്‌ലീമുകൾക്കല്ലാതെ ജീവിക്കാൻ നിർവ്വാഹമില്ലാതായിട്ടുണ്ടെന്നും പ്രധാനമന്ത്രി ഇടപെട്ട് പ്രശ്നത്തിനു പരിഹാരമുണ്ടാകുന്നില്ലെങ്കിൽ വമ്പിച്ച തോതിൽ വർഗ്ഗീയ ലഹള തന്നെ നടന്നേക്കുമെന്നുമാണ് എ. കെ ജി യുടെ കമ്പിയിൽ പറഞ്ഞിരുന്നതു്. കേരളത്തിൽ നിരുപദ്രവകരങ്ങളായ മററു ചില വർഗ്ഗീയ സംഘടനകളുണ്ട്. നായർ സർവ്വീസ് സൊസൈററിയെപ്പോലെ അത്തരത്തിലൊന്നാണ് മുസ്‌ലീംലീഗ്. പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. (മനോരമ ജൂലായ് 23) എവിടെ നിന്നാണ് പ്രധാനമന്ത്രിക്കു് ഈ വിവരം കിട്ടിയത്? മുസ്‌ലീംലീഗ്. നായർ സർവ്വീസ് സൊസൈററിയെപ്പോലെയാണത്രെ? നായർ സർവീസ് സൊസൈററി നിരുപദ്രവകരമാണെന്നു പ്രധാനമന്ത്രിക്കു് അഭിപ്രായമുണ്ടായിരിക്കാം. പക്ഷെ തികച്ചും ഉപദ്രവകാരിയായ വർഗീയ സംഘടന തന്നെയാണ് എന്നാൽ അതിനെക്കാൾ ഉപദ്രവകാരിയാണ് മുസ്‌ലീംലീഗ് എന്നു പറഞ്ഞാൽ കൂടുതൽ ശരിയായിരിക്കും കാരണം നായർ സർവീസ് സൊസൈററി രാഷ്ട്രീയ സംഘടനയല്ല രാഷ്ട്രീയത്തെ സ്വാധീനിക്കുന്ന വർഗീയ സംഘടന മാത്രമാണ്. മുസ്‌ലീംലീഗാകട്ടെ വർഗീയതയുള്ള രാഷ്ട്രീയകക്ഷി തന്നെയാണ്. അതിനു രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്. നായർ സർ

വീസ് സൊസൈററിയിൽ അംഗങ്ങളായവർക്കു കോൺഗ്രസ്സിലോ മററു രാഷ്ട്രീയ സംഘടനകളിലോ അംഗത്വം കൊടുക്കാറുണ്ടു്. (അങ്ങിനെ ഒരു കാൽ സമുദായത്തിലും മറേറാ കാൽ രാഷ്ട്രീയ കക്ഷിയിലും ചവിട്ടി നിൽക്കുന്ന ദ്രോഹികൾ കുറവല്ല) പക്ഷെ മുസ്ലീംലീഗിൽ അംഗത്വം സ്വീകരിക്കുന്ന മുസ്ലീമിനു് മേലിൽ കോൺഗ്രസ്സിലും അംഗത്വം കാട്ടുകമോ എന്നു പ്രധാനമന്ത്രിയോടു് ചോദിക്കേണ്ടിയിരിക്കുന്നു. അതോ, കേരളത്തിലെ മുസ്ലീമുകളെല്ലാം മുസ്ലീംലീഗിൽച്ചേർന്നു മുസ്ലീംലീഗിൻെറ രാഷ്ട്രീയം അംഗീകരിക്കണമെന്നാണോ പ്രധാനമന്ത്രി പറയുന്നതു്?

പ്രധാനമന്ത്രിയെ പോലുള്ളവരുടെ ഇത്തരം അഭിപ്രായം കേട്ടിട്ടായിരിക്കണം നായന്മാർ തെരഞ്ഞെടുപ്പിൽ ഒററക്കെട്ടായി നിൽക്കണമെന്നും മററും എൻ. എസ്സ്. എസ്സ് പ്രമേയം പാസ്സാക്കി തുടങ്ങിയിരിക്കുന്നതു്. കുറച്ചു കഴിഞ്ഞാൽ എൻ. എസ്സ്. എസ്സിൻെറ സ്ഥാനാർത്ഥികളും കത്തോലിക്കാ കോൺഗ്രസിൻെറ സ്ഥാനാർത്ഥികളും തെരഞ്ഞെടുപ്പിൽ മത്സരിച്ചുവെന്നും വരും. മുസ്ലീംലീഗിനെ കണ്ടു പഠിക്കണമെന്നു കത്തോലിക്കാ കോൺഗ്രസ്സും പ്രമേയം പാസ്സാക്കിയിട്ടുണ്ടു്. ഈ നിലക്കു് രാഷ്ട്രീയ കക്ഷികളെല്ലാം പിരിച്ചുവിട്ടു് ജാതിയുടെയും മതത്തിൻെറയും അടിസ്ഥാനത്തിൽ മത്സരിച്ചാൽ മതിയെന്ന നില വന്നുകൂടായ്കയില്ല.

എന്തായാലും ഇന്ദിരാഗാന്ധിയെ തൃപ്തിപ്പെടുത്താൻ മുസ്ലീംലീഗ് കേരളത്തിൽ ഒതുങ്ങിക്കഴിയുമെന്നു പ്രതീക്ഷിക്കേണ്ടാ. ബാഫക്കിത്തങ്ങൾക്കു് ചെങ്കോട്ടയിൽ തന്നെയാണു് കണ്ണു്. മുസ്ലീംലീഗിനെ കേരളത്തിൽ തന്നെ ആവുന്നതും വേഗം കുഴിച്ചുമൂടുകയാണു് വേണ്ടതു്. അതല്ലാതെ അതിനു കൈകൊടുത്തു് ആദരിച്ചാൽ കേരളത്തിനു പുറത്തേക്കും മുസ്ലീംലീഗ് കടന്നുവരും. കടന്നുവന്നാൽ മുസ്ലീംലീഗിനെയല്ലാ, പിന്നെ മുസ്ലീമുകളായി ജനിച്ചവരിൽ തന്നെ നല്ലൊരു വിഭാഗത്തെ ജീവനോടെ കുഴിച്ചുമൂടാനും ആളുണ്ടാവും. അങ്ങിനെ സംഭവിച്ചാൽ അതിനുത്തരവാദികൾ മുസ്ലീംലീഗുകാർ മാത്രമായിരിക്കയില്ല. മുസ്ലീംലീഗ് വർഗീയ സംഘടനയാണെന്നും അല്ലെന്നും ഒരേ സ്വരത്തിൽ പറയുന്നവരും അതിൻെറ ഉത്തരവാദിത്വം വഹിക്കേണ്ടിവരും.

* * *

കോൺഗ്രസ്സിനെ 'രക്ഷിക്കാൻ' മാർക്സിസ്റ്റ് പാർട്ടിക്കു ഇത്ര വ്യഗ്രതയോ? 'ജനയുഗ'ത്തിൻെറ സഞ്ചാരി ചോദിച്ചിരിക്കുന്നു. (ജനയുഗം ജൂലായ് 22) കോൺഗ്രസ്സിനെ രക്ഷിക്കാനുള്ള ചുമതല വലതു് കമ്യൂണിസ്റ്റ് പാർട്ടിയും ജനയുഗവും ഏറെറടുത്തിട്ടുള്ളപ്പോൾ മാർക്സിസ്റ്റുകാർ കോൺഗ്രസ്സിനെ രക്ഷിക്കാൻ പുറപ്പെടുന്നതു് ശരിയാണോ? മാർക്സിസ്റ്റുകാർ ഉത്തരം പറയേണ്ട ചോദ്യംതന്നെയാണതു്. കോൺഗ്രസ്സ് തങ്ങളെ കൈവിട്ടുപോവുമോ എന്നു വലതു് കമ്യൂണിസ്റ്റ് നേതാക്കൾക്കും 'ജനയുഗ'ത്തിനുമുള്ള വേവലാതി മനസ്സിലാക്കാവുന്നതേയുള്ളു. കോൺഗ്രസ്സിൻെറ സഹായമില്ലെങ്കിൽ നിയമസഭയിൽ ഒരു സ്ഥാനംപോലും വലതു് കമ്യൂണിസ്റ്റുകാർക്കു് കിട്ടുകയില്ലെന്നു 'ജനയുഗ'ത്തിനു നന്നായറിയാം. അതുകൊണ്ടവർ മാർക്സിസ്റ്റ് ഇമ്പാച്ചി കാണിച്ചു് കോൺഗ്രസ്സിന്റെ തലയിൽ കയറി ഇരിക്കാമെന്നു കരുതിയാൽ ക്ഷമിക്കാവുന്നതേയുള്ളു. പക്ഷെ, അതിനുവേണ്ടി ഇത്രയേറെ വിഡ്ഢിത്തം എഴുതേണ്ടയാവശ്യമുണ്ടോ?

'ഇന്നത്തെ ഭരണമുന്നണിക്കും ഇന്ദിരാകോൺഗ്രസ്സിനും എതിരായാണു് നമ്പൂതിരിപ്പാടും വടക്കനും കാമരാജും ഫർണാണ്ടസ്സും കൂട്ടുപൌരോഹിത്യം വഹിച്ചു് പടച്ചുണ്ടാക്കുന്ന വിശാലമുന്നണി. ഭരണമുന്നണിയിലെ ഒരുഘടകമായി ഇന്ദിരാകോൺഗ്രസ്സ് വരികയില്ലെന്നു വിശാലമുന്നണിക്കറിയാം. അവർ ഭയപ്പെടുന്നതു് ഭരണമുന്നണിയുമായി ഇന്ദിരാകോൺഗ്രസ്സ് ഉണ്ടാക്കാനിടയുള്ള നീക്കുപോക്കുകളെയാണു്. പരസ്പര മത്സരം ഒഴിവാക്കാനുള്ള ധാരണ. ജനയുഗത്തിൻെറ സഞ്ചാരിയുടെ വിശകലനമാണിതു്' കാമരാജും ഫർണാണ്ടസ്സുമെല്ലാം ചേർന്നു വിശാലമുന്നണിയുണ്ടാക്കുന്നതു് കേരളത്തിലെ ഭരണമുന്നണിക്കു് എതിരായിട്ടാണുപോലും. താൻ കുലുങ്ങുന്നതു് കൊണ്ടു് ലോകവും കുലുങ്ങുന്നുണ്ടെന്നാണു് പാവം സഞ്ചാരി കരുതുന്നതു്. ഭരണമുന്നണിയിലെ ഘടകമായി ഇന്ദിരാകോൺഗ്രസ്സ് വരില്ലെന്നു വിശാലമുന്നണിക്കാർക്കു അറിയാമെന്നും ജനയുഗത്തിലെ പംക്തിയെഴുത്തുകാരൻ തറപ്പിച്ചു പറയുന്നുണ്ടു്. എവിടെ നിന്നാണു് ഈ വിവരം സഞ്ചാരിക്കു ലഭിച്ചതെന്നറിയില്ല. ഇന്നത്തെപ്പോലെ ഭരണമുന്നണിയെ കോൺഗ്രസ്സ് അടുത്ത തെരഞ്ഞെടുപ്പിനുശേഷവും താങ്ങിനിർത്തണമെന്നായിരിക്കും വലതു് കമ്യൂണിസ്റ്റുകാരുടെ ആഗ്രഹം. വിശാലമുന്നണിക്കാർക്കും കോൺഗ്രസ്സുകാർക്കും നാട്ടുകാർക്കും ഒക്കെത്തന്നെ അറിയാൻ പാടില്ലാത്ത കാര്യം അടുത്ത തെരഞ്ഞെടുപ്പിനുശേഷം ഭരണമുന്നണിയും കോൺഗ്രസ്സും തമ്മിലുള്ള ബന്ധമെന്തായിരിക്കുമെന്നാണു്.

ഭരണമുന്നണിയും കോൺഗ്രസ്സും തമ്മിൽ ധാരണയുണ്ടാക്കുന്നതു് തടയാനായി മാർക്സിസ്റ്റുകാർ കോൺഗ്രസ്സ് റാഡിക്കൽ ഫോറം എന്ന പേരിൽ ചിലരെ രംഗത്തിറക്കിയെന്നാണു് 'ജനയുഗ' ത്തിൻെറ സഞ്ചാരിയുടെ മറെറാരു കണ്ടുപിടുത്തം. ഇതിനുവേണ്ടി അദ്ദേഹം ഹാജരാക്കുന്ന തെളിവെന്താണെന്നോ? റാഡിക്കൽ ഫോറക്കാരുടെ പ്രകടനത്തിൻെറ പടവും വിശദമായ റിപ്പോർട്ടും 'ദേശാഭിമാനി'യിൽ പ്രസിദ്ധീകരിച്ചതാണു്. "കോൺഗ്രസ്സ് ഒററക്കു നിന്നു മത്സരിച്ചാൻ രക്ഷപ്പെടും എന്ന മുദ്രാവാക്യം വിളിച്ചുപറയാൻ മാർക്സിസ്റ്റ് പാർട്ടി തന്നെ സംഘടിപ്പിച്ചതാണു റാഡിക്കൽ ഫോറമെന്നു അതിൻെറ സംഘാടകന്മാർ തന്നെ സാക്ഷ്യംവഹിക്കും' എന്നാണു് സഞ്ചാരി പറയുന്നതു്. ക്ഷമിക്കണം, എങ്ങിനെയാണു് സാക്ഷ്യം വഹിക്കുന്നതെന്നു മനസ്സിലായില്ല. കോൺഗ്രസ്സ് കൊടിയും പിടിച്ചു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സിന്ദാബാദ് എന്ന മുദ്രാവാക്യവും മുഴക്കി കോൺഗ്രസ്സുകാരായ കുറെ യുവാക്കൾ സത്യാഗ്രഹം നടത്തിയതു് മാർക്സിസ്ററ് പാർട്ടി സംഘടിപ്പിച്ചതാണെന്നു പറഞ്ഞാൽ മനസ്സിലാക്കാൻ വിഷമമുണ്ടു്. ഒരുപക്ഷെ, സഞ്ജീവറെഡ്ഡി പ്രസിഡൻറാകരുതെന്നു ഗിരി പ്രസിഡൻറാകണമെന്നും മുദ്രാവാക്യം മുഴക്കി ഡൽഹിയിൽ പ്രകടനം നടത്തിയ ചില 'ഇന്ദിരാ കോൺഗ്രസ്സുകാരെ' സംഘടിപ്പിച്ചതിൻെറ അനുഭവം വെച്ചുംകൊണ്ടായിരിക്കും 'ജനയുഗം' ഈ കപടത്തം നടത്തിയിട്ടുള്ളതു്. റാഡിക്കൽ ഫോറംകാരെ കൊണ്ടു് പ്രകടനം നടത്തിച്ചു കോൺഗ്രസിനെ രക്ഷിക്കാൻ മാർക്സിസ്ററ് പാർട്ടി വ്യഗ്രത കാണിക്കുന്നുവന്നാണല്ലോ 'ജനയുഗ' ത്തിൻെറ ആക്ഷേപം. റാഡിക്കൽ ഫോറംകാർ മാർക്സിസ്ററ്കാരുടെ സേവകരാണോ അല്ലയോ എന്നൊക്കെ തീരുമാനിക്കാനുള്ള അവകാശം കോൺഗ്രസ്സ് നേതാക്കൾക്കു് ജനയുഗം വിട്ടുകൊടുക്കുകയല്ലേ നല്ലതു്? ആരൊക്കെയാണു് കോൺഗ്രസ്സുകാരെന്നും കോൺഗ്രസ്സുകാരല്ലാത്തവരെന്നും കെ.പി. സി. സി. നേതാക്കൾക്കു് ഉപദേശം ന

കാൻ മാത്രം 'ജനയുഗത്തിനു എന്തുമുതൽക്കാണ് അവകാശം കിട്ടിയതു്?

കോൺഗ്രസ്സ് റാഡിക്കൽ ഫോറത്തിനെതിരായി ജനയുഗത്തിന്റെ സഞ്ചാരി ഹാജരാക്കുന്ന മറെറാരു തെളിവ് ഇതിലേറെ രസകരമാണ് ''ഞങ്ങളുടെ നേതാവ് എം. എ. ജോൺ എന്നാണവർ വിളിച്ചു പറഞ്ഞതെന്നു 'ദീപിക' റിപ്പോർട്ടു ചെയ്യുന്നു. ജോൺ കോൺഗ്രസ്സിൽ നിന്നു സസ്പെണ്ടു ചെയ്യപ്പെട്ട ആളാണെന്നു ഒരു ഭീഷണിയും ചേർത്തിട്ടുണ്ട്. സംഗതി ശരിയാണ്, ജോണിനെ കോൺഗ്രസ്സിൽ നിന്നു സസ്പെണ്ടു ചെയ്യുകമാത്രമല്ല, രണ്ടു് വർഷത്തേക്കു് അച്ചടക്ക നടപടിയെടുത്തു് പുറത്താക്കുക തന്നെ ചെയ്തിട്ടുണ്ട്. സിൻഡിക്കേററ് നേതാവ് ടി. ഓ ബാവ കെ. പി. സി. സി പ്രസിഡൻറായിരിക്കുമ്പോൾ എടുത്ത അച്ചടക്ക നടപടി കെ. കെ വിശ്വനാഥൻ പ്രസിഡൻറായി വന്നപ്പോഴും അംഗീകരിച്ചു തുടരുന്നുമുണ്ട്. പക്ഷെ കോൺഗ്രസ്സിൽ നിന്നു അച്ചടക്ക നടപടിയെടുത്ത് പുറത്താക്കിയ ആളാണ് തങ്ങളുടെ നേതാവെന്നു റാഡിക്കൽ ഫോറംകാർ പറഞ്ഞാൽ, അതിന്റെയർത്ഥം അവർ മാർക്സിസ്റ്റുകാരുടെ സേവകരാണെന്നു വ്യാഖ്യാനിക്കാൻ സഞ്ചാരിയുടെ യുക്തി തന്നെ വേണം.

ജോൺ മാർക്സിസ്റ്റുകാർക്കുവേണ്ടി കൊമ്പ് വിളിക്കാൻ തുടങ്ങിയിട്ട് കുറച്ചുകാലമായി, യെന്നും 'ജനയുഗം സങ്കടപ്പെടുന്നു. കോൺഗ്രസ്സിന്റെ പ്രചരയോഗത്തിലും യൂത്തു് കോൺഗ്രസ്സിന്റെ യോഗത്തിലും മററും ജോൺ പ്രസംഗിക്കുന്നതായിട്ടറിയാം. കോൺഗ്രസ്സിൽ നിന്നു് അച്ചടക്കനടപടിയെടുത്തു് പുറത്താക്കിയിട്ടും മിക്ക കോൺഗ്രസ്സുകാരും ജോണിനെ കോൺഗ്രസ്സുകാരൻ തന്നെയായിട്ടാണ് കണക്കാക്കുന്നതു്. മാർക്സിസ്റ്റ് പാർട്ടിയായാലും കൊള്ളാം, നക്സൽബാരിയായാലും കൊള്ളാം, ഇന്ത്യൻ കമ്യൂണിസ്ററ് പാർട്ടിയായാലും കൊള്ളാം സോഷ്യലിസ്റ്റ് പരിവർത്തനത്തിനുതകുന്ന ഏതു പ്രവൃത്തി ചെയ്താലും ജോൺ പരസ്യമായ പിന്തുണ നൽകാറുണ്ട്. കോൺഗ്രസ് റാഡിക്കൽ ഫോറംകാരുടെ നയവും അത് തന്നെയാണെന്നു അവർ പരസ്യമായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

ജനയുഗം സഞ്ചാരിയുടെ വിലയിരുത്തൽ ഇനിയുമുണ്ട്. 'ജോണിനു ഒരു പത്രമുണ്ട്- ദേശാഭിമാനി ബുക്ക് സ്റ്റോളാണ് അതിന്റെ വിതരണക്കാർ. കൂടുതൽ പറയേണ്ടതില്ലെന്നാണ് സഞ്ചാരി പറയുന്നതു്. പോരാ– കൂടുതൽ പറയേണ്ടതായിരുന്നു. കാരണം ഇത്രയും പറഞ്ഞതിനു് അർത്ഥമൊന്നുമില്ല. ദേശാഭിമാനി ബുക്ക് സ്റ്റോളിൽ ജോണിന്റെ പത്രം വിൽക്കുന്നുണ്ട്. അവിടെ 'മാതൃഭൂമി'യും 'മനോരമ,യും 'ജനയുഗ,വും വിൽക്കുന്നുണ്ടെന്നാണറിവ്. അതുകൊണ്ട് കാമ്പിശ്ശേരി കരുണാകരനും, കെ. പി. കേശവമേനോനും മററും മാർക്സിസ്ററുകാരുടെ കൊമ്പുവിളിക്കാരാണെന്നു ആരും പറഞ്ഞതായി അറിയില്ല. ജോണിന്റെ പത്രം ദേശാഭിമാനി ബുക്ക്സ്റ്റോളിൽ മാത്രമേ വിൽക്കൂവെന്നു അദ്ദേഹത്തിനു നിർബ്ബന്ധം കാണാനിടയില്ല. പ്രഭാത് ബുക്ക് സ്റ്റോളിൽ വിൽക്കാനും അദ്ദേഹത്തിനു താല്പര്യമുണ്ടായിരിക്കും.

ഏതെങ്കിലും പാർട്ടിയുമായി സഖ്യമോ ധാരണയോ ഉണ്ടാക്കുന്നുവെങ്കിൽ അതു് മാർക്സിസ്ററ് പാർട്ടിയോടായിരിക്കണമെന്നു റാഡിക്കൽ ഫോറംകാർ പ്രഖ്യാപിച്ചതിലാണ് ജനയുഗം സഞ്ചാരിക്കു് എതിർപ്പ്. 'അന്നേ പൂച്ച പുറത്തു് ചാടിപോലും' പൂച്ച പുറത്തുതന്നെയായിരുന്നല്ലോ. പിന്നെ എന്തിനാണ് പുറത്തുചാടുന്നതു്. റാഡിക്കൽ കോൺഗ്രസ്സുകാർ അവരുടെ അഭിപ്രായം പരസ്യമായിതന്നെ പറഞ്ഞിരിക്കുന്നു. പക്ഷേ, കോൺഗ്രസ്സുകാരായ റാഡിക്കൽ ഫോറംകാർക്കും, കോൺഗ്രസ്സുകാർ ആരൊക്കയായി കൂട്ടുകൂടണമെന്നോ വേണ്ടന്നോ പറയാൻ പാടില്ലെന്നാണ് 'ജനയുഗത്തിന്റെ വാശി. ജനയുഗം പറയുന്നതനുസരിച്ചു് കോൺഗ്രസ്സ് ഭരണമുന്നണിയുമായി മാത്രമേ കൂട്ടുകൂടാവുമെന്നാണ് നിർബന്ധം

അവസാനം ജനയുഗത്തിന്റെ സഞ്ചാരി ഒരു ചോദ്യം ചോദിക്കുന്നുണ്ട്. അപ്പോൾ കോൺഗ്രസ്സിനെ രക്ഷിക്കാൻ കൂടുതൽ വ്യഗ്രത മാർക്സിസ്ററു് പാർട്ടിക്കോ റാഡിക്കൽ ഫോറത്തിനോ സ്ററീഫൻ ഗ്രൂപ്പിനോ? ഇതാണ് ചോദ്യം'

സഞ്ചാരിയുടെ ലേഖനം വായിച്ചപ്പോൾ സംശയം തീർന്നു. ഇവരെക്കാളൊക്കെ വ്യഗ്രത ജനയുഗത്തിനും വലതുകമ്മ്യൂണിസ്ററു് പാർട്ടിക്കും തന്നെയാണ്. ആത്മ രക്ഷക്കുവേണ്ടിയുള്ള വെപ്രാളത്തിൽ എന്ത് വിഡ്ഢിത്തം പറഞ്ഞാലും ക്ഷമിക്കേണ്ടതാണ്.

0—0

## കാഴ്ചപ്പാടുകൾ (4-പേജ് തുടർച്ച)

ന്നതെന്നു ഇ. എം. എസ്. അവകാശപ്പെടുന്നുണ്ട്. റഷ്യയും ചൈനയും തമ്മിലുള്ള തർക്കത്തിൽ അവർ തുറന്ന അഭിപ്രായപ്രകടനം നടത്താതെ മൗനമവലംബിക്കുന്നുവെങ്കിൽ അതിനു പല കാരണങ്ങളുമുണ്ട്. ഒന്നാമതായി ഭൂമിശാസ്ത്രപരമായി റഷ്യയുടേയും ചൈനയുടേയും ഇടക്കുള്ള അതിന്റെ കിടപ്പു തന്നെ കാരണം. രണ്ടാമതായി അമേരിക്കൻ സാമ്രാജ്യത്വവുമായി നേരിട്ടുള്ള സമരത്തിൽ ഇന്നും ഏർപ്പെട്ടിട്ടുള്ള രാജ്യമാണ് ജനാധിപത്യ കൊറിയ. അവർക്കു് റഷ്യയും ചൈനയുമായുള്ള പ്രത്യയ സമരത്തിൽ ഇടപ്പെട്ടു നേരം കളയാനാവില്ല. രണ്ടു് രാജ്യങ്ങളുടേയും മാത്രമല്ല ലോകത്ത് മറെറതെല്ലാം രാജ്യമുണ്ടോ അവിടെ നിന്നൊക്കെ കിട്ടാവുന്ന ഏതു സഹായവും വേണമെന്നു ജനാധിപത്യ കൊറിയക്കറിയാം. ഇ. എം. എസ്. തന്നെ അവരെ പോരാടുന്നവരായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഏകപ്രതിനിധിയായി മാർക്സിസ്ററ് കമ്യൂണിസ്ററ് പാർട്ടിയെ ജനാധിപത്യ കൊറിയ അംഗീകരിക്കുന്നുവെന്നു ഇ. എം. എസ്സ്. അഭിമാനിക്കയും ചെയ്യുന്നു. തീർച്ചയായും അന്താരാഷ്ട്ര കമ്യൂണിസ്ററ് പ്രസ്ഥാനമെന്നൊന്നുണ്ടെങ്കിൽ അതിൽ കൊറിയൻ കമ്യൂണിസ്ററ് പാർട്ടിയുടെ അംഗീകാരത്തിനു പ്രാധാന്യമുണ്ട്. മാർക്സിസ്ററ് പാർട്ടിയെ അംഗീകരിക്കുന്ന മററു മൂന്നു രാജ്യങ്ങൾ കൊറിയ,- വിയററ്നാം, ക്യൂബ എന്നിവയാണെന്നും ഇ. എം എസ്സ് വെളിപ്പെടുത്തിയിട്ടുണ്ട്. ''അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായി തോക്കെടുത്തു നേർക്കു നേരെ നിന്നു യുദ്ധം ചെയ്തു, അതിനു വേണ്ടി ചോര ചിന്തി, സ്വന്തം രാജ്യത്തിന്റെ ആത്മാഭിമാനം നിലനിർത്തിക്കൊണ്ടിരിക്കുന്ന മൂന്നു രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികളാണ്, ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഏകപ്രതിനിധി നിങ്ങളാണ് എന്നു പറഞ്ഞു ഞങ്ങളെയംഗീകരിച്ചതു്. ഇന്ത്യയിൽ കുറെ കമ്യൂണിസ്ററ് പാർട്ടികളുണ്ട്. അക്കൂട്ടത്തിൽ നിങ്ങളേയും ഞങ്ങളംഗീകരി

(ശേഷം 15-ാം പേജിൽ)

# തെരഞ്ഞെടുപ്പ തീയതി

കേരളത്തിലെ ജനപ്രാധാന്യമുള്ള രാഷ്ട്രീയ കക്ഷികളുടെഅഭിപ്രായങ്ങളെല്ലാം അവഗണിച്ചു കൊണ്ടു സപ്തംബർ മാസത്തിൽ കേരളത്തിലെ ഇടക്കാല തെരഞ്ഞെടുപ്പ് നടത്താൻ ചീഫ് ഇലക്ഷൻ കമ്മിഷൻ നിശ്ചയിച്ചിരിക്കുകയാണ്. വലതു് കമ്യൂണിസ്റ്റ് കക്ഷിയുടെ അഭിപ്രായം മാത്രമാണ് തെരഞ്ഞെടുപ്പ് തിയതി നിശ്ചയിക്കുന്നതിൽ പരിഗണിച്ചിട്ടുള്ളത്.

കേരളത്തിലെ വോട്ടർ പട്ടിക പറഞ്ഞ തിയതിക്കു പൂർത്തിയാക്കാനോ രാഷ്ട്രീയ കക്ഷികൾക്ക് നൽകാനോ സാധിച്ചിട്ടില്ല. ഇതിനകം കാണാൻ കഴിഞ്ഞ പട്ടികയെപ്പററി പരാതിയില്ലാത്ത ഒററ രാഷ്ട്രീയ പ്രവർത്തകൻപോലുമില്ല. തീരെ വായിക്കാൻ വയ്യാത്തവിധം തെളിയാത്ത കയ്യക്ഷരത്തിൽ എന്തൊക്കെയോ എഴുതിവെച്ചതാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പട്ടിക.

പുതിയ പട്ടികയനുസരിച്ച് പതിനേഴു ലക്ഷം വോട്ടർമാരില്ലാതായിട്ടുണ്ടെന്നു മാർക്സിസ്റ്റ് പാർട്ടി നേതാക്കൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പഴയ പട്ടികയിൽ പേരുണ്ടായിരുന്നവരാണിവർ. പുതിയ പട്ടികയിൽ പുതുതായി ഇരുപതു ലക്ഷം വോട്ടർമാർ ഉണ്ടായിട്ടുള്ളതായും ചൂണ്ടികാണിക്കപ്പെടുന്നു. മൂന്നു വർഷംകൊണ്ടുണ്ടായ വ്യത്യാസമാണിത്. പ്രത്യക്ഷത്തിൽ എന്തോ പന്തികേട് വോട്ടർ പട്ടികക്ക് ഉണ്ടായിട്ടുണ്ടെന്നു ഈയാരോപണത്തിൽ നിന്നു തോന്നുന്നുണ്ട്. മൂന്നുവർഷത്തിനുള്ളിൽ പതിനേഴുലക്ഷം വോട്ടർമാർ മരിച്ചുപോയിട്ടുണ്ടെന്നു വിശ്വസിക്കുക പ്രയാസം.

അപൂർണ്ണവും അബദ്ധജടിലവുമായ വോട്ടർപട്ടിക വെച്ചുകൊണ്ടു തെരഞ്ഞെടുപ്പ് നടത്തുന്നത് ഒട്ടും നീതിതരിക്കാനാവില്ല. ഈ രാജ്യത്തെ അർഹനായ ഏതു പൌരനും വോട്ടുചെയ്യാൻ അവകാശം നൽകേണ്ടതാണ്. ഇരുപത്തിയഞ്ചു വയസ്സ് കഴിഞ്ഞ ഏതു പൌരനും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവകാശമുണ്ട്. അങ്ങിനെ സ്ഥാനാർത്ഥിയാകുന്നയാൾ വോട്ടറായിരിക്കണമെന്നേയുള്ളു.

അധികൃതരുടെ ധൃതികൊണ്ടും അനാസ്ഥ കൊണ്ടും വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്താതെ പോയ ഒരാൾക്ക് എങ്ങിനെയാണ് സ്ഥാനാർത്ഥിയാകാൻ കഴിയുക? ആദ്യമേ പ്രസിദ്ധപ്പെടുത്തുന്ന കരടു പട്ടികയിൽ പേരില്ലാത്തവര സ്ഥാനാർത്ഥികളാകേണ്ടെന്നാണോ ഇലക്ഷൻ കമ്മിഷൻെറ നിശ്ചയം. അതല്ലങ്കിൽ പിന്നെ ജനാധിപത്യമര്യാദ പ്രകാരം ഏതൊരു പൌരനും സ്ഥാനാർത്ഥിയാകാനുള്ളയവകാശം ഫലത്തിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ നിഷേധിച്ചിരിക്കയാണെന്നു പറയണം.

ജന പ്രാതിനിധ്യ നിയമം28-ാം വകുപ്പനുസരിച്ചു ഉണ്ടാക്കിയ ചട്ടങ്ങളിലെ22ാം ചട്ടമനുസരിച്ച് സ്ഥാനാർത്ഥികൾ നോമിനേഷൻ നൽകും മുമ്പേ വോട്ടർ പ്പട്ടിക തയാറായിരിക്കണം. അന്തിമമായ വോട്ടർ പട്ടിക തയാറാക്കുന്നതിനു സ്വീകരിക്കേണ്ടുന്ന ചില നടപടികളുണ്ട്. ആദ്യം കരട് പട്ടിക ഓരോ നിയോജക-മണ്ഡലത്തിലേയും ബന്ധപ്പെട്ട ഓഫീസിൽ പരസ്യമായി പ്രദർശിപ്പിക്കേണ്ടതാണ്. തെററായി ചേർത്തിട്ടുള്ള വിവരങ്ങൾ തിരുത്തിക്കുന്നതിനും വിട്ടുപോയ പേരുകൾ ചേർപ്പിക്കുന്നതിനും അവസരം നൽകുന്നതായി അറിയിക്കുന്ന നോട്ടീസുകളോടുകൂടിയാണ് കരട് പട്ടിക ചട്ടമനുസരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതു്.

അങ്ങിനെ പരസ്യപ്പെടുത്തി മുപ്പതു് ദിവസത്തിനകം പേർ ചേർക്കുന്നതിനുള്ള അപേക്ഷകളും തെററായിച്ചേർത്തതു സംബന്ധിച്ച ആക്ഷേപങ്ങളും നൽകാവുന്നതാണ്. അപ്പോൾ കരട് പട്ടിക പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു് മുപ്പതു് ദിവസം എങ്കിലും കാത്തിരിക്കാതെ പററില്ല. അതിനുശേഷം പുതിയ ആക്ഷേപങ്ങളും അവകാശങ്ങളും സംബന്ധിച്ച ഹർജികളും രജിസ്ട്രേഷൻ ഓഫീസർ നോട്ടീസ് ബോർഡിൽ ഇട്ടിരിക്കണമെന്നാണ് വ്യവസ്ഥ.

ശരിയായ വിധം ലഭിക്കാത്ത അപേക്ഷകൾ പരിശോധിച്ച് അധികൃതർക്കു തള്ളിക്കളയാവുന്നതാണ്. സമയപരിധിക്കുള്ളിൽ ശരിയാംവണ്ണം കിട്ടിയ അപേക്ഷകൾ അംഗീകരിച്ച് അപേക്ഷകരെ വോട്ടർമാരായിച്ചേർക്കണം. സ്വമേധയാ അധികൃതർ തള്ളിക്കളയുകയോ സ്വീകരിക്കുകയോ ചെയ്യാത്ത അപേക്ഷകളേയും ആക്ഷേപങ്ങളേയുംപററി ബന്ധപ്പെട്ടകക്ഷികൾക്ക് നോട്ടീസ് നൽകി ഇരുപക്ഷത്തേയും വാദം കേട്ടശേഷം മാത്രമേ തീരുമാനമെടുക്കാവൂ. ഈ നടപടികൾക്കുശേഷം കരട് പട്ടികയിൽ നിന്നു പേർ നീക്കം ചെയ്യപ്പെടുന്നവരോ പട്ടികയിൽ പേർ കൂട്ടിച്ചേർക്കപ്പെടുന്നവരോ ഉണ്ടാകാം. അപ്പോൾ വോട്ടർ പട്ടികയുടെ അവസാന രൂപം ഉണ്ടാക്കുന്നതിനു മുമ്പ് സ്ഥാനാർത്ഥികളാകാൻ അർഹതയുള്ള എല്ലാവർക്കും അതിനു അവസരം ലഭിക്കുന്നില്ലെന്നർത്ഥം. അതായതു് വോട്ടർ പട്ടികയുടെ അവസാനരൂപമുണ്ടാക്കാതെ തെരഞ്ഞെടുപ്പ് തീയതി നിശ്ചയിക്കുന്നതു് പൌരന്മാരുടെ അവകാശ നിഷേധമാണ്. കരട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയശേഷം ചുരുങ്ങിയതു് 60 ദിവസമെങ്കിലും കഴിയാതെ പട്ടികയുടെ പൂർണ്ണരൂപം ഉണ്ടാക്കാൻ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് സാദ്ധ്യമല്ലെന്നും കാണുന്നു. ജൂലായ് 22 നു-യോടുകൂടിമാത്രം അബദ്ധജടിലമായ കരട് വോട്ടർ പട്ടിക കഷ്ടിച്ച് തയാറാക്കാൻ സാധിച്ചിട്ടുള്ള സ്ഥിതിക്ക് സപ്തംബർ 17നു- തെരഞ്ഞെടുപ്പ് നടത്തുന്നതു് ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും നിരക്കുന്നതല്ലെന്നു മാത്രമല്ല, അർഹനായ ഒരു പൌരനും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നതിനു ഭരണഘടന നൽകുന്ന അവകാശത്തെപററി നിഷേധിക്കുക കൂടിയാണ്.

ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളുടെ നിഷ്പക്ഷതയെക്കുറിച്ചും തെരഞ്ഞെടുപ്പു കമ്മിഷൻെറ സ്വതന്ത്രനിലയെക്കുറിച്ചും പൊതുവെ മതിപ്പാണുണ്ടായിരുന്നത്. തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്നവർ പല തരത്തിൽ ആരോപണങ്ങൾ ഉന്നയിക്കാറുണ്ടെങ്കിലും ജനാധിപത്യ സമ്പ്രദായത്തിലെ തകരാറുകളല്ലാതെ വാസ്തവത്തിൽ തെരഞ്ഞെടുപ്പിൻെറ നടത്തിപ്പിനെപ്പററി കാര്യമായ അഭിപ്രായഭിന്നതയുണ്ടായിട്ടില്ല. ആ മതിപ്പിനും അഭിപ്രായത്തിനും കോട്ടം തട്ടിക്കുന്ന തരത്തിലാണ് കേരളത്തിലെ ഇടക്കാല തെരഞ്ഞെടുപ്പിൻെറ തിയതി നിശ്ചയിച്ചത് എന്നു പറയേണ്ടിയിരിക്കുന്നു.

ഒന്നാമതായി ജനങ്ങൾക്കുവേണ്ടിയാണ് തെരഞ്ഞെടുപ്പ് എന്നറിയാവുന്ന ആർക്കും തന്നെ രാഷ്ട്രീയ കക്ഷികളുടെ അഭിപ്രായത്തെ അവഗണിക്കാൻ കഴിയുകയില്ല. കേരളത്തിൽ ഏററവും സ്വാധീന ശക്തിയുള്ള രണ്ടു രാഷ്ട്രീയ കക്ഷികളായ മാർക്സിസ്ററ് കമ്യൂണിസ്ററ് പാർട്ടിയും കോൺഗ്രസ്സും തെരഞ്ഞെടുപ്പ് സപ്തംബറിൽ നടത്തുന്നതിനെയനുകൂലിച്ചിരുന്നില്ല. മാർക്സിസ്ററ് പാർട്ടി നേതാക്കൾ തെരഞ്ഞെടുപ്പ് ഡിസംബറിൽ

ക്കുന്നു എന്നല്ല പറഞ്ഞതു്"

സാമ്രാജ്യത്വത്തിനെതിരായി ധീരവും അഭിമാനാവഹവുമായ സമരം ഇന്നു നടത്തിക്കൊണ്ടിരിക്കുന്നതു് വിയറ്റ്നാമിലും കൊറിയയിലും തെക്കു കിഴക്കേ ഏഷ്യൻ രാജ്യങ്ങളിലുമാണെന്നത് നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണു്. അവിടങ്ങളിലെ വിപ്ലവ പ്രസ്ഥാനങ്ങൾക്കു് ഇന്നാവശ്യം സാമ്രാജ്യ വിരുദ്ധരായ ഓരോരുത്തരുടേയും സഹായമാണ്. "ഞങ്ങളെ മാത്രമാണു് അംഗീകരിക്കുന്നതു്" എന്നെല്ലാം പറഞ്ഞു മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് നേതാക്കൾ സമരധീരരായ ആ രാജ്യക്കാരെ കുഴപ്പത്തിലാക്കാതിരുന്നാൽ നന്നു്. കൊറിയയിലേയും വിയറ്റ്നാമിലേയും മററും കമ്യൂണിസ്റ്റു് പാർട്ടിക്കു് ഇന്ത്യയിലെ കമ്യൂണിസ്റ്റ് കാർക്കിടയിലെ ചേരിപ്പോരിൽ വലിയ താൽപ്പര്യമുണ്ടാകാനിടയില്ല. കൊറിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യ നേതാവ് ശ്രീ കിം ഇൻസങ്ങ് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പ്രതിനിധി സംഘത്തിനു നൽകിയ ഉപദേശം അവർ സ്വീകരിക്കുമെന്നു ഇന്ത്യയിലെ ഓരോ സോഷ്യലിസ്റ്റും പ്രതീക്ഷിക്കുന്നുണ്ടാവും.

ഇ. എം. എസ്. തന്നെ തങ്ങൾക്കു കിട്ടിയ ഉപദേശം എന്താണെന്നു പറയുന്നു 'സ. കിം ഇൽസങ്ങ് ഞങ്ങളോടു് പറഞ്ഞതു തന്നെ, അവിടെ (ഇന്ത്യയിൽ) അടിയുറച്ചു നിന്നു് പോരാടി, ജനങ്ങളുടെ സ്വാധീനം നേടി വിപ്ലവ പ്രസ്ഥാനത്തെ വളർത്തിയാൽ മററവരെല്ലാം താനേ വരും എന്നാണ്.' കൊറിയ വരെ പോകാതെ തന്നെ ഇന്ത്യയിലെ കമ്യൂണിസ്റ്റ് കാർക്കു് ഇതു് മനസ്സിലാക്കാൻ സാധിക്കേണ്ടതായിരുന്നു. ഇന്ത്യയിലെ സ്ഥിതിഗതികളെ വിലയിരുത്തി വിപ്ലവമാർഗ്ഗം തെരഞ്ഞെടുക്കാനുള്ള സമ്പൂർണ്ണയവകാശം മററാരേക്കാളും തങ്ങൾക്കുണ്ടെന്നു ഇന്ത്യയിലെ കമ്യൂണിസ്റ്റ്കാർ മനസ്സിലാക്കിരുന്നെങ്കിൽ എന്നു പരിവർത്തനമാഗ്രഹിക്കുന്നയാരും ആശിച്ചു പോകും. അതോടൊപ്പം തന്നെ ഇന്ത്യയിലെ വിപ്ലവ പ്രസ്ഥാനത്തെ നയിക്കാൻ ശേഷിയുള്ള ജനങ്ങളുടെ വിശ്വാസം നേടിയിട്ടുള്ള ഒരു നേതാവിന്റെ അഭാവത്തിൽ ഖേദിക്കുകയും ചെയ്യും.

ജനാധിപത്യ കൊറിയയിൽ കിം ഇൽസങ്ങ് ഉത്തരത്തിലുള്ള സ്വതന്ത്രനും ധീരനുമായ ഒരു നേതാവായിരുന്നു. അതു പറയുമ്പോൾ നിഷേധിക്കാനാവാത്ത മറ്റൊരു യാഥാർത്ഥ്യം കൂടി പറയാതെ നിർവ്വാഹമില്ല. ഇ. എം. എസ്. ചൂണ്ടിക്കാണിച്ച സാമ്രാജ്യ വിരുദ്ധ സമരം നടത്തുന്ന രാജ്യങ്ങളിലെല്ലാം തന്നെ ജനതയുടെ ഒന്നാകെ വിശ്വാസമാർജ്ജിച്ച വ്യക്തിപ്രാഭവമുള്ള നേതാക്കളുണ്ടെന്നതാണാകാര്യം. വിയറ്റ്നാമിൽ ഹോചിമിനും, കൊറിയയിൽ കിം ഇൽസങ്ങും ക്യൂബയിൽ ഫിഡൽ കാസ്ട്രോയും സ്വന്തം നിലക്കുതന്നെ പ്രാഭവമുള്ള നേതാക്കളാണ്. അവർ അനുകർത്താക്കളായിരുന്നു പുസ്തകത്തിലെ വരികൾ നോക്കി വിപ്ലവം നടത്തിയവരുമല്ലായിരുന്നു. എല്ലാററിനുമുപരി ലക്ഷ്യബോധമുള്ള നേതാക്കളായിരുന്നു.

ജനാധിപത്യ കൊറിയയിലെ ഓരോരുത്തരും തന്നെ 'മിക്കവാറും കിം ഇൽസങ്ങിനെ 'വ്യക്തിപൂജ' നടത്തുന്നവരാണ്. ഇപ്പോഴും അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായി സമരം ചെയ്യുന്ന കൊറിയൻ ജനത അതിനുള്ള ആയുധമായി 'മാവോസ്തുതി' നടത്തണമെന്നു കരുതുന്നില്ല. 'കൊറിയയിൽ പോയി ആരോടു സംസാരിച്ചാലും കേൾക്കാം ഒരു കൊറിയൻ പദം 'ജൂച്ചെ' അതിന്റെയർത്ഥം സ്വന്തം കാലിന്മേൽ നിൽക്കുകയെന്നാണ്. എല്ലാ രംഗങ്ങളിലും സ്വന്തം കാലിൽ നിൽക്കുക, സ്വന്തം പാരമ്പര്യം നിലനിർത്തി വളർത്തിയെടുക്കുക, ആത്മാഭിമാനം നിലനിർത്തുക, ഇതെല്ലാം മററു രംഗങ്ങളിലെന്നപോലെ സർവ്വദേശീയ രംഗത്തും നിലനിർത്തുക, രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലായാലും ശരി, പാർട്ടികൾ തമ്മിലുള്ള ബന്ധത്തിലായാലും ശരി, കൊറിയൻ ജനതയുടെ കൊറിയൻ ഗവർണ്മെണ്ടിന്റെ കൊറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വതന്ത്രമായ നില നില്പ്. സ്വന്തം കാലിൽ നിൽക്കുക എന്നാണു്.

സ്വന്തം പാരമ്പര്യം, ആത്മാഭിമാനം തുടങ്ങിയ പദങ്ങൾ വിപ്ലവകമ്യൂണിസ്റ്റ് രാജ്യങ്ങളിൽ പുലരുന്നുണ്ടെന്നു ഇന്ത്യയിലെ കമ്യൂണിസ്റ്റുകാരാണ് മററാരേയുംകാൾ മനസ്സിലാക്കേണ്ടതു്. സോഷ്യലിസമായാലും ശരി അതടിമത്വത്തിനുവേണ്ടിയുള്ളതല്ലാ യഥാർത്ഥ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ളതാണെന്ന ഉറച്ച ബോധം സോഷ്യലിസ്റ്റുകാർക്കുണ്ടായേ മതിയാവൂ. ഇന്ത്യയിലെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്കാർക്കു് ബോധമുളവായിത്തുടങ്ങിയിട്ടുണ്ടെങ്കിൽ അതു് സർവ്വഥാ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണു് മറിച്ചു്, സോവിയറ്റ്റഷ്യയുടെ ദാസ്യവൃത്തി ചെയ്യുന്നതു് അഭിമാനമായി കരുതുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുമായി പുതിയ ബന്ധത്തിലേർപ്പെടാൻ വ്യഗ്രത പൂണ്ട ചില മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകാർ അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ മൂന്നാം ചേരി തപ്പിനടക്കുകയാണെന്നു ആരോപണം ഉന്നയിക്കുന്നുണ്ടു്. കൊറിയയും വിയറ്റ്നാമും ക്യൂബയും ഉൾപ്പെട്ടതാണ് മൂന്നാം കമ്യൂണിസ്റ്റ് ചേരിയെങ്കിൽ, ഇന്ത്യയുടെ ദേശീയ ഭദ്രതയാഗ്രഹിക്കുന്നവരും നയതന്ത്രപരമായി അതു് സ്വാഗതം ചെയ്യുകയാണ് വേണ്ടതു്. റഷ്യയും ചൈനയുമായി ബന്ധമില്ലാത്ത ഒരു മൂന്നാം കമ്യൂണിസ്റ്റ് ചേരിയുണ്ടാകുന്നെങ്കിൽ ഇന്ത്യയുടെ ദേശീയ താല്പര്യങ്ങൾക്കനുഗുണമായി അതു് പ്രയോജനപ്പെടുത്താൽ വേണമെങ്കിൽ സാധിക്കുന്നതാണു്

ഇന്ത്യയുടെ സാമ്പത്തിക-സൈനിക രംഗങ്ങളിൽ വർദ്ധിച്ചുവരുന്ന റഷ്യൻ സ്വാധീനം സോഷ്യൽ സാമ്രാജ്യത്വത്തിന്റെ രൂപം കൈക്കൊള്ളുമ്പോൾ ഇന്ത്യയിലെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയെ അതിനെതിരായ ഒരു കരുവായി ഉപയോഗിക്കേണ്ട സാഹചര്യം വരെ ഇന്ത്യയിലെ ഭരണാധികാരികൾക്കു് ഉണ്ടായിക്കൂടെന്നില്ല.

---

തെരഞ്ഞെടുപ്പു തീയതി (തുടർച്ച)

നടത്തുന്നതാണ് സൗകര്യമെന്നു അഭിപ്രായപ്പെട്ടിരുന്നു.

കോൺഗ്രസ്സിന്റെയഭിപ്രായത്തിൽ തെരഞ്ഞെടുപ്പ് ഒക്ടോബറിൽ നടത്തണമെന്നായിരുന്നു. (ഇനി കെ. പി. സി. സി നേതാക്കൾ എന്തു പറയുമെന്നറിഞ്ഞുകൂടാ) നിയമസഭയിൽ പ്രാതിനിധ്യമുണ്ടായിരുന്ന ഭൂരിപക്ഷ കക്ഷികളും തെരഞ്ഞെടുപ്പ് സപ്തംബറിൽ നടന്നതിനോട് അനുകൂലമുള്ളവരായിരുന്നില്ല. തെരഞ്ഞെടുപ്പ് കമ്മിഷനും രാഷ്ട്രീയ കക്ഷികളുടെ ഈ യഭിപ്രായത്തേയും ഓരോ കക്ഷിയുടേയും ജനസ്വാധീനത്തേയും മററും പരിഗണിക്കേണ്ട ചുമതലയുണ്ടു്.

കമ്മിഷന്റെ മററു പല പ്രവർത്തനങ്ങളും ഇതൊക്കെ പരിഗണിച്ചാണ് നടത്തപ്പെടുന്നത്. കക്ഷികൾക്കു് ചിഹ്നം അനുവദിക്കുന്നതും മററും വോട്ടിന്റെ എണ്ണം നോക്കിയിട്ടാണല്ലോ. സ്വാധീനശക്തിയുള്ള രാഷ്ട്രീയ കക്ഷികളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെ തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ചത് നീതീകരിക്കാനാവില്ല.

Vol. 1
No. 24
35 Ps.
# NIRNAYAM
Reg. K. 104
(ERNAKULAM 26TH JULY 1970)

കുറിപ്പുകൾ

## അഭയാർത്ഥി പ്രവാഹം

കിഴക്കൻ പാക്കിസ്ഥാനിൽ നിന്നു ഇന്ത്യയിലേക്ക് പുറപ്പെട്ട് രണ്ടു ലക്ഷം അഭയാർത്ഥികൾ കൂടി തയ്യാറായി നിൽപ്പുണ്ടെന്ന ഞെട്ടിപ്പിക്കുന്ന വിവരം കേന്ദ്ര പുനരധിവാസ വകുപ്പ് മന്ത്രി സി. സഞ്ജീവയ്യ വെളിപ്പെടുത്തിയിരിക്കുന്നു. 1947 നു ശേഷം ഇതിനകം നാല്പത്തിയഞ്ചു ലക്ഷം അഭയാർത്ഥികൾ പാക്കിസ്ഥാനതിർത്തി കടന്നു ഇന്ത്യയിലെത്തിയിട്ടുണ്ട്.

ലോകം കണ്ടിട്ടുള്ളതിലേററവും വലിയ അഭയാർത്ഥി പ്രവാഹമാണിതു്. ബർമ്മയിൽ നിന്നോ സിലോണിൽ നിന്നോ ജോലി നഷ്ടപ്പെട്ട് എത്തുന്നവർക്ക് നൽകുന്ന പരിഗണനപോലും ഇവർക്ക് ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തകർ നൽകിക്കാണുന്നില്ല. ഒരു പക്ഷെ പാക്കിസ്ഥാൻ സൃഷ്ടിയുടെ പരിണിതഫലമെന്ന നിലയിൽ അഭയാർത്ഥി പ്രവാഹത്തെക്കാണാൻ ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തകർ ഇതിനകം പഠിച്ചിട്ടുണ്ടായിരിക്കും.

പാക്കിസ്ഥാനിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹത്തെ തടുത്തു നിർത്താൻ ഇന്ത്യാ ഗവർമ്മണ്ടിനു കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. മുമ്പൊരിക്കൽ പാർളിമെൻറിൽ ഇത് സംബന്ധിച്ച ചർച്ച നടന്നപ്പോൾ ഭരണാധികാരികൾ പരസ്യമായി നിസ്സഹായത പ്രകടിപ്പിച്ചു. ഇപ്പോൾ വിദേശകാര്യമന്ത്രി സർദാർ സ്വരൻസിങ്ങ്. പാക്കിസ്ഥാൻ അധികാരികൾക്ക എഴുതിയിട്ടുണ്ടെന്നാണ് പറയുന്നത്. അഭയാർത്ഥി പ്രവാഹം അവസാനിപ്പിക്കുന്നത് സംബന്ധിച്ചു അദ്ദേഹത്തിനു ചില ഉറപ്പുകൾ ലഭിച്ചിട്ടുള്ളതായും പറയുന്നു.

പാക്കിസ്ഥാൻ ഭരണാധികാരികളുടെ ഉറപ്പിനും, ഇന്നേവരെയുള്ള അനുഭവം വെച്ചു നോക്കിയാൽ വില കൽപ്പിക്കാനാവില്ല. പാക്കിസ്ഥാൻ സൃഷ്ടിക്ക് മുമ്പ് ആ പ്രദേശത്ത് രണ്ടരക്കോടി ഹിന്ദുക്കളുണ്ടായിരുന്നുവെന്നാണ് കണക്ക്. എന്നാൽ ഇപ്പോൾ പാക്കിസ്ഥാനിൽ 90 ലക്ഷം ഹിന്ദുക്കളെയുള്ളു.

ഇത്രയും കാലമായിട്ടും ഈ പ്രശ്നത്തിനു പരിഹാരം കാണാൻ തക്ക ഒരു നയം സ്വീകരിക്കാൻ ഇന്ത്യാഗവർമ്മെണ്ടിനു കഴിഞ്ഞിട്ടില്ല. 'ഇന്ത്യയും പാക്കിസ്ഥാനും ഒരുമിച്ചു ജീവിക്കേണ്ടതാണ്'. എന്നിങ്ങനെ ഒഴുക്കൻ മട്ടിൽ പ്രഖ്യാപനം നടത്താനല്ലാതെ ഗവർമ്മെണ്ട് ക്രിയാത്മകമായ നടപടിയൊന്നും കൈക്കൊണ്ടിട്ടില്ല.

പാക്കിസ്ഥാനിൽ അവിടത്തെ പൌരന്മാർക്കു രക്ഷ നൽകുന്നില്ലെന്നാണ് വിദേശകാര്യമന്ത്രി സ്വരൻസിങ്ങിൻെറ പരാതി. അഭയാർത്ഥി പ്രശ്നം കേവലം പാക്കിസ്ഥാൻെറ അഭ്യന്തര കാര്യമാണെങ്കിൽ, അഭയാർത്ഥികളെ തിരിച്ചയക്കുകയാണ് വേണ്ടതു്.

എന്നാൽ പാക്കിസ്ഥാനിൽനിന്നു വരുന്ന അഭയാർത്ഥികളെ പുനരധിവസിപ്പിക്കുകയാണ് ഇന്ത്യ ചെയ്യുന്നതു്. ഇതിന്റെയർത്ഥം പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെ അവഗണിക്കാനാവില്ലെന്നാണ്.

പാക്കിസ്ഥാനിൽനിന്നുള്ള അഭയാർത്ഥി പ്രവാഹം സംബന്ധിച്ച പ്രശ്നം ഐക്യരാഷ്ട്ര സഭയിൽ ഉന്നയിക്കപ്പെടണമെന്നു ചില പാർളിമെൻറംഗങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ സർദാർ സ്വരൻസിങ്ങ് ഈ നിർദ്ദേശം ശരിയായിത്തന്നെ സ്വീകരിച്ചില്ല. ഐക്യരാഷ്ട്രസഭയിൽ ഈ പ്രശ്നം കൊണ്ടുപോകുന്നതുകൊണ്ട് പ്രയോജനമുണ്ടാക്കാൻ പോകുന്നില്ല.

മറെറാരു നിർദ്ദേശം ഭാരതീയ ജന സംഘമാണ് ഉന്നയിച്ചതു്. അഭയാർത്ഥികളെ പുനരധിവസിപ്പിക്കുന്നതിനു സ്ഥലം നൽകണമെന്നു പാക്കിസ്ഥാനോട് ആവശ്യപ്പെടണമെന്നാണ് നിർദ്ദേശം. കമ്യൂണിസ്റ്റംഗങ്ങൾ ഇതിനെ ശക്തിയായി എതിർക്കുകയുണ്ടായി. എന്നാൽ ആരും തന്നെ പ്രശ്നത്തിനു പരിഹാരം കാണത്തക്ക ഒററ നിർദ്ദേശവും വെക്കുകയുണ്ടായില്ല.

അവസാനം അഭയാർത്ഥി പ്രശ്നത്തെക്കുറിച്ചു ചർച്ച നടത്താൻ സർവ്വകക്ഷിയോഗം ചേരണമെന്നു വലതു് കമ്യൂണിസ്റ്റ് നേതാവ് ഭൂപേശ് ഗുപ്ത നിർദ്ദേശിച്ചു. സർവ്വകക്ഷിയോഗം ചേരണമെന്ന നിർദ്ദേശം ഇന്ത്യഗവർമ്മെണ്ടും പ്രധാനമന്ത്രിയും വിളിച്ചുകൂട്ടുന്നതു് നന്നായിരിക്കും. ഓരോ കക്ഷിയുടേയും നിലപാട് എന്താണ് വ്യക്തമാക്കുന്നതിനെങ്കിലും അതു് ഉപകരിക്കും.

ഇപ്പോൾ പാക്കിസ്ഥാനിൽ നിന്നു വർദ്ധിച്ച തോതിൽ അഭയാർത്ഥി പ്രവാഹമുണ്ടായിട്ടുള്ളതിൻെറ കാരണം കിഴക്കൻ ബംഗാളിലെ മതഭ്രാന്തന്മാരായ ചില രാഷ്ട്രീയകക്ഷികളുടെ പ്രചരണമാണ്. പാക്കിസ്ഥാനിലെ തെരഞ്ഞെടുപ്പിൽ വോട്ടു നേടുന്നതിനു ഹിന്ദുക്കൾക്കെതിരായി പ്രചരണം അഴിച്ചുവിട്ടിരിക്കുന്ന മതഭ്രാന്തന്മാരുടെ പാർട്ടികൾ കിഴക്കൻ ബംഗാളിലുണ്ട്.

അഭയാർത്ഥി പ്രശ്നത്തിൽ ഇന്ത്യ ആദ്യമായിത്തീരുമാനിക്കേണ്ടതു് ഇന്ത്യക്ക് എന്തെങ്കിലും ചുമതലയുണ്ടോയെന്ന കാര്യമാണ്. ചുമതലയുണ്ടെങ്കിൽ പ്രശ്നപരിഹാരത്തിനു പാക്കിസ്ഥാനെ നിർബന്ധിക്കുക തന്നെ വേണം. ഫറാക്കാ ഡാം നിർമ്മാണ കാര്യത്തിലായാലും ശരി ഇരുരാജ്യങ്ങളും തമ്മിലുള്ള മററു പ്രശ്നങ്ങളുടെ കാര്യത്തിലായാലും ശരി, അഭയാർത്ഥി പ്രശ്നവുമായി ബന്ധപ്പെടുത്തി പാക്കിസ്ഥാനെ നിലക്കു നിറുത്താൻ ഇന്ത്യ നയതന്ത്രബന്ധങ്ങളെ ഉപയോഗപ്പെടുത്താതെ നിർവ്വാഹമില്ല. വേണ്ടിവന്നാൽ കിഴക്കൻ പാക്കിസ്ഥാനിലേക്ക് ഇന്ത്യയുടെ മീതെ കൂടിയുള്ള ഗതാഗത സ്വാതന്ത്ര്യം തന്നെ ഈ പ്രശ്നത്തിൻെറ പേരിൽ തടയാൻ ഇന്ത്യാഗവർമ്മെണ്ട് സന്നദ്ധമാകേണ്ടിവരും. ശഠനോട് ശാഠ്യം കൂടാതെ നിവൃത്തിയില്ല.

---

### കുറിപ്പുകൾ (2–ാം പേജ് തുടർച്ച)

പോലും ആദർശത്തെയടിസ്ഥാനമാക്കിയല്ല. ഇതാണ് ഇന്നത്തെ തകരാറ്. അതുകൊണ്ട് ആദർശങ്ങളിൽ ഉറച്ചുനിന്നു അഭിപ്രായ പ്രകടനം നടത്തുന്നവരെ പിടിവാശിക്കാരായും അച്ചടക്ക ലംഘകരായും കാണുന്ന പ്രവണത വളർന്നുവന്നിരിക്കുന്നു. മറിച്ചു് പ്രമേയങ്ങളും പ്രസ്താവനകളും എന്തുതന്നെയായാലും ശരി അധികാരലാഭത്തിനു വേണ്ടി ചെയ്യുന്നതൊക്കെ അച്ചടക്കമായും ആദർശമായും തീർന്നിരിക്കുന്നു ഇതവസാനിക്കണമെങ്കിൽ എല്ലാ രാഷ്ട്രീയ കക്ഷികളിലും ആദർശത്തിൻെറ പേരിലുള്ള "അച്ചടക്കലംഘകരും' പിടിവാശിക്കാരും ഉണ്ടാകാതെ നിർവ്വാഹമില്ല.

*—*

Edited printed andpublished by M. A. John Convent Road, Cochin-11
at Empees press, Gopalprabhu Road, Cochin -11